# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പനങ്ങാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2013-14, 2014-15

## ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

e-mail: ddlfakkd@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

കെ.എസ്.എ.കെ.കെ.ഡി / പി.10/2186/2015

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
ഫോൺ – 0495 2371012
തിയ്യതി : 18/2/2016

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പനങ്ങാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പനങ്ങാട് ഗ്രാമപഞ്ചായത്ത് - 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, കോഴിക്കോട്
2. പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
3. കാര്യാലയ പകർപ്പ്

കെ.എസ്.എ.കെ.കെ.ഡി/ പി.10/2186/2015 തിയതി:18.02.2016

**കോഴിക്കോട് ജില്ലയിലെ പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2013-14, 2014-15**

**സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

കോഴിക്കോട് ജില്ലയിലെ പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2013 മുതൽ 08.12.2015 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി എം. രാജലത, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 09.12.2015 മുതൽ 21.12.2015 വരെ |

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ എം. മനോഹരൻ, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| | ശ്രീ പി. സുരേഷ് കുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി പി. ഷൈനി, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ടി. ദേവാനന്ദ്, ഓഡിറ്റർ |
| | ശ്രീ. ജെ. ജയേഷ്, ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ ഇസ്മയിൽ കുറുമ്പൊയിൽ | 01.04.2013 മുതൽ 31.03.2015 വരെ |
| | | |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ വി.എം വിജയൻ | 01.04.2013 മുതൽ 11.07.2013 വരെ |
| | ശ്രീ കെ.സി രാമചന്ദ്രൻ | 12.07.2013 മുതൽ 28.02.2015 വരെ |
| | ശ്രീ. സി.പി സതീശൻ, അസിസ്റ്റന്റ് സെക്രട്ടറി (അധിക ചുമതല) | 01.03.2015 മുതൽ 31.03.2015 വരെ |

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി* | ശ്രീ. സി.പി സതീശൻ | 01.04.2014 മുതൽ 31.03.2015വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി എസ്. ഷീജമോൾ | 01.04.2013 മുതൽ 01.06.2013വരെ |
| | ശ്രീമതി എൻ. രഞ്ജു സുരേന്ദ്രൻ | 02.06.2013 മുതൽ 15.06.2013വരെജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്<br><br>ഫോൺ – 0495 2371012<br>തിയ്യതി : 18/2/2016 |
| | ശ്രീമതി അശ്വതി .എസ്. പ്രസാദ് | 16.06.2013 മുതൽ 31.06.2013വരെ |
| | ശ്രീമതി ഇ.കെ ദീപ്തി | 01.07.2013 മുതൽ 31.03.2015വരെ |
| കൃഷി ഓഫീസർ | ശ്രീ കെ.വി നൗഷാദ് | 01.04.2013 മുതൽ 31.03.2015വരെ |
| വെറ്ററിനറി സർജൻ | ഡോ.എ.ജെ ജോയി | 01.04.2013 മുതൽ 31.03.2015വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ. സി.എം ചിത്ര മുകുന്ദൻ | 01.04.2013 മുതൽ 04.08.2014വരെ |
| | ഡോ. ആർ.എസ് അനൂപ് കൃഷ്ണൻ | 05.08.2014മുതൽ 31.03.2015വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ടി.പി ജീനാകുമാരി | 01.04.2013 മുതൽ 31.03.2015വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ. പി.ടി ബിജു | 01.04.2013 മുതൽ 09.04.2013 വരെ |
| | ഡോ. ഒ.കെ ഷെർലി | 10.04.2013 മുതൽ 31.03.2015വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പനങ്ങാട്) | ശ്രീ പി. രജീഷ് | 01.04.2013 മുതൽ 31.03.2015വരെ |

| | | |
|---|---|---|
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (തലയാട്) | ശ്രീമതി പി. രാധിക | 01.04.2013 മുതൽ 31.03.2015വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ എ.അബ്ദുൾഷുക്കൂർ | 01.04.2013 മുതൽ 31.03.2015വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി എൻ.അനിത | 01.04.2013 മുതൽ 12.08.2013 വരെ |
| | ശ്രീമതി ഒ.കെ റാണി | 13.08.2013 മുതൽ 31.03.2015വരെ |

( * അസിസ്റ്റന്റ് സെക്രട്ടറി 2014-15 വർഷത്തിൽ മാത്രമേ പദ്ധതിനിർവ്വഹണം നടത്തിയിട്ടുള്ളൂ )

**- ഉള്ളടക്കം -**


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| **ഭാഗം 1 – പൊതു അവലോകനം** | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി സംബന്ധിച്ച വിവരങ്ങൾ | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| **ഭാഗം 2 – വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | | |
| 11 | തൊഴിൽനികുതി പിരിവിലെ അപാകതകൾ | 2-1 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 2-2 |
| **ഭാഗം 3 – ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | | |

| | | |
|---|---|---|
| 13 | ആട് വളർത്തൽ പദ്ധതി- അപാകതകൾ | 3-1 |
| 14 | പശുഗ്രാമം പദ്ധതി - അപാകതകൾ | 3-2 |
| 15 | കുടുംബിനികൾക്ക് അത്യുൽപാദനശേഷിയുള്ള... അരുമക്കോഴി വിതരണം - അപാകതകൾ | 3-3 |
| 16 | കന്നുകുട്ടിപരിപാലന പദ്ധതി വിനിയോഗവിവരം ഹാജരാക്കിയില്ല | 3-4 |
| 17 | പട്ടികജാതി വിവാഹധനസഹായം - ഗ്രാമസഭ തെരഞ്ഞെടുക്കാത്ത ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചു | 3-5 |
| 18 | ഫർണ്ണീച്ചറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - അപാകതകൾ | 3-6 |
| 19 | തെരുവു വിളക്കുകളുടെ റിപ്പയർ - പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ | 3-7 |
| 20 | തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ പഞ്ചായത്തിന് നഷ്ടം | 3-8 |
| 21 | മിച്ചഫണ്ട് ചട്ടവിരുദ്ധമായി ദേശസാൽകൃത ബാങ്കിൽ നിക്ഷേപിച്ചു | 3-9 |
| 22 | നിർമല്ലൂർ വാഴോറമല കുടിവെള്ള പദ്ധതി - കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കാത്തതും മറ്റു അപാകതകളും | 3-10 |
| 23 | വനിതാ തൊഴിൽ സംരഭങ്ങളും പരിശീലനവും - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-11 |
| 24 | സ്കൂൾ കുട്ടികൾക്ക് ഡയറി - സർക്കാർ അനുമതിയില്ലാതെ പ്രൊജക്റ്റ് നടപ്പാക്കി | 3-12 |
| 25 | സമ്പൂർണ്ണ കായികക്ഷമതാ പരിപാടി - മറ്റു വകുപ്പുകളുടെ ചുമതലയിലുള്ള പ്രവർത്തനങ്ങൾക്ക് സമാനമായി പ്രൊജക്റ്റ് നടപ്പാക്കി | 3-13 |
| 26 | സ്റ്റുഡൻറ് മാഗസിൻ - എസ്.എസ്.എ പദ്ധതിയിൽ ഉൾപ്പെടുത്താതെ പ്രത്യേക പ്രൊജക്റ്റ് വച്ചു | 3-14 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റി - പ്രവൃത്തി പൂർത്തീകരിച്ചില്ല | 3-15 |
| 28 | ടാർ ബാരൽ മോഷണം പോയി : തുടർ നടപടി പൂർത്തിയാക്കിയില്ല | 3-16 |
| 29 | ആയുർവേദ ആശുപത്രിക്ക് മരുന്നു വിതരണം ചെയ്തതിൽ കാലതാമസം | 3-17 |
| 30 | ആശ്രയപദ്ധതി- ലഘു അവലോകനം | 3-18 |
| 31 | മഹാത്മാഗാന്ധി ദേശീ യ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി - ലഘു അവലോകനം | 3-19 |
| **ഭാഗം 4 – പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | | |
| 32 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കെട്ടിടനിർമ്മാണ ചട്ടങ്ങളും- വിഷയാധിഷ്ഠിത അവലോകനം | 4-1 |
| 33 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 34 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |

| | | |
|---|---|---|
| 36 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 37 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 38 | ഓഡിറ്റ് റിക്കവറി | 4-7 |
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |


# ഭാഗം –1

# പൊതു അവലോകനം

# പൊതു അവലോകനം

## 1-1 ബജറ്റ്

2013-14 സാമ്പത്തിക വർഷത്തെ ബജറ്റ് 26.03.2013 തിയതിയിലെ 32(1)/13 നമ്പർ തീരുമാനപ്രകാരവും 2014-15 സാമ്പത്തിക വർഷത്തെ ബജറ്റ് 25.02.2014 തിയതിയിലെ 146/13-14 നമ്പർ തീരുമാനപ്രകാരവും ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2013-14 | 31.07.2014 | 15.05.2014 |
| 2014-15 | 31.07.2015 | 15.05.2015 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിൻറെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2013-14 | 26.08.2014 & 27.08.2014 | എൽ.എഫ്.കെ.കെ.ഡി /എഫ്.2 /1749/14<br>തീയതി 28.10.2014 – വിശേഷണങ്ങളില്ലാത്ത സർട്ടിഫിക്കറ്റ് |
| 2014-15 | 30.06.2015 | കെ.എസ്.എ.കെ.കെ.ഡി /എഫ്.2 /1272/15<br>തീയതി 05-01-2016 – വിശേഷണങ്ങളോട്ടു കൂടിയ സർട്ടിഫിക്കറ്റ് |

## 1-4 സാമ്പത്തിക വിശകലനം

| സാമ്പത്തിക വർഷം | 2013-14 | 2014-15 |
|---|---|---|
| മുന്നിരിപ്പ് | 2,90,16,897 | 2,86,70,741 |
| വരവ് | 8,26,02,240 | 9,39,96,086 |

| | | |
|---|---|---|
| ആകെ | 11,16,19,137 | 12,26,66,827 |
| ചെലവ് | 8,29,48,396 | 7,63,14,406 |
| നീക്കിയിരിപ്പ് | 2,86,70,741 | 4,63,52,421 |

## 1-5 ഫണ്ട് വിനിയോഗം

<u>2013-14</u>

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 8,18,279 | 1,08,68,000 | 1,16,86,279 | 1,14,89,854 | 1,96,425 | 98.31 |
| വികസനഫണ്ട് എസ്.സി.പി. | 30,60,877 | 71,29,000 | 1,01,89,877 | 1,01,89,877 | -- | 100 |
| വികസനഫണ്ട് ടി.എസ്.പി. | 4,40,832 | 43,000 | 4,83,832 | 4,83,832 | -- | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | -- | 27,68,000 | 27,68,000 | 27,68,000 | -- | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 10,99,661 | 28,28,000 | 39,27,661 | 39,27,661 | -- | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2,65,911 | 63,78,032 | 66,43,943 | 66,43,943 | -- | 100 |
| പെർഫോമൻസ് ഗ്രാന്റ് | 6,43,820 | 33,97,000 | 40,40,820 | 37,47,723 | 2,93,097 | 92.74 |
| എം.എൻ.ആർ.ഇ.ജി.എസ്. | 2,94,296 | 3,83,33,812# | 3,86,28,108 | 3,85,26,991 | 1,01,117 | 99.73 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 75,70,450 | 80,17,491 | 1,55,87,941 | 28,13,410 | 1,27,74,531 | 18.04 |
| ബി ഫണ്ട് | -- | 1,99,14,880 | 1,99,14,880 | 1,99,14,880 | -- | 100 |

<u>2014-15</u>

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1,96,425 | 1,24,17,000 | 1,26,13,425 | 52,34,816 | 73,78,609 | 41.50 |
| വികസനഫണ്ട് എസ്.സി.പി. | -- | 80,65,000 | 80,65,000 | 73,77,377 | 6,87,623 | 91.47 |
| വികസനഫണ്ട് ടി.എസ്.പി. | -- | 2,50,000* | 2,50,000 | 50,000 | 2,00,000 | 20 |
| സംരക്ഷണഗ്രാന്റ് റോഡ് | -- | 32,41,732 | 32,41,732 | 14,11,142 | 18,30,590 | 43.53 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് നോൺറോഡ് | -- | 40,37,509 | 40,37,509 | 29,02,703 | 11,34,806 | 71.89 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | -- | 1,03,13,562 | 1,03,13,562 | 70,01,977 | 33,11,585 | 67.80 |
| പെർഫോമൻസ് ഗ്രാന്റ് | 2,93,097 | 40,99,000 | 43,92,097 | 2,71,500 | 41,20,597 | 06.18 |
| എം.എൻ.ആർ.ഇ.ജി.എസ്. | 1,01,117 | 3,90,67,776# | 3,91,68,893 | 3,91,64,545 | 4,348 | 99.98 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 1,27,74,531 | 94,01,894 | 2,21,76,425 | 1,15,87,775 | 1,05,88,650 | 52.25 |
| ബി ഫണ്ട് | -- | 2,65,21,988 | 2,65,21,988 | 2,65,21,988 | -- | 100 |

**#എം.എൻ.ആർ.ഇ.ജി.എസ് ഇനത്തിലുള്ള വരവ് തുക ഇ.എഫ്.എം.എസ് വഴിയുള്ള വരവ് കൂടി ഉൾപ്പട്ട തുകയാണ്.**

***ടി.എസ്.പി ഇനത്തിൽ 2014-15 വർഷത്തെ വരവിൽ 2,00,00/- രൂപ കാപ്പിക്കുന്ന് കോളനി നടപ്പാത നിർമ്മാണത്തിന് വേണ്ടി ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച തുകയാണ്.**

## 1-6 പദ്ധതി സംബന്ധിച്ച വിവരങ്ങൾ

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| **2013-14** | | | | | | |
| 150 | 6,04,77,793 | 102 | 4,53,03,839 | 26 | 22 | 68.00 |
| **2014-15** | | | | | | |
| 163 | 6,93,26,601 | 76 | 3,64,59,770 | 41 | 46 | 46.62 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

- ഇല്ല -

## 1-7 തനത് വരുമാനം

ഗ്രാമപഞ്ചായത്തിന് തനതുവരുമാനത്തിൽ 2013-14 സാമ്പത്തികവർഷത്തിൽ മുൻവർഷത്തേക്കാൾ താഴെപറയും പ്രകാരം 22.95 ശതമാനവും 2014-15 സാമ്പത്തിക വർഷത്തിൽ 22.87 ശതമാനവും വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+) / (-) |
|---|---|---|---|---|
| **2013-14** | | | | |
| നികുതി വരവുകൾ | 26,48,361 | 31,81,874 | 5,33,513 | + 20.14 |
| നികുതിയേതര വരവുകൾ | 7,62,839 | 9,32,698 | 1,69,859 | + 22.26 |
| *മറ്റുവരവുകൾ | 3,83,609 | 5,24,303 | 1,40,694 | + 36.67 |
| ആകെ | 37,94,809 | 46,38,875 | 8,44,066 | + 22.24 |
| **2014-15** | | | | |
| നികുതി വരവുകൾ | 31,81,874 | 40,28,004 | 8,46,130 | + 26.59 |
| നികുതിയേതര വരവുകൾ | 9,59,587 | 10,97,117 | 1,37,530 | + 14.33 |
| *മറ്റുവരവുകൾ | 5,24,303 | 5,94,655 | 70,352 | + 13.41 |
| ആകെ | 46,65,764 | 57,19,776 | 10,54,012 | + 22.59 |

*ബാങ്ക് പലിശയിനത്തിൽ ലഭിക്കുന്ന തുക.

## 1-8 ക്ഷേമപദ്ധതികൾ

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | 2013-14 | | 2014-15 | |
|---|---|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 3,11,280 | 517 | 7,17,480 | 514 |
| കർഷകതൊഴിലാളി പെൻഷൻ | 45,88,607 | 935 | 67,72,417 | 934 |
| വിധവാപെൻഷൻ | 97,30.233 | 1,137 | 1,12,05,274 | 1,316 |
| വാർദ്ധക്യകാല പെൻഷൻ | 3,35,776 | 96 | 31,15,688 | 173 |
| വികലാംഗപെൻഷൻ | 41,79,683 | 382 | 40,41,309 | 397 |
| അവിവാഹിത പെൻഷൻ | 3,41,459 | 41 | 5,12,820 | 49 |
| വിധവകളുടെ മക്കൾക്കുള്ള വിവാഹധനസഹായം | 2,20,000 | 7 | -- | -- |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.12.2015ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 4,069/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻറെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.10.2015 & 16.10.2015 | ഓഗസ്റ്റ് 2015 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.05.2001 മുതൽ 08.06.2001 വരെ | 1997-98 മുതൽ 1999-2000 വരെ | നം. സ്പെ സെൽ (എച്ച്.ക്യൂ) / 1/1എ/8എ-168/269 /31.07.2001 |

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽനികുതി പിരിവിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 204(ii) പ്രകാരം അറുപത് ദിവസത്തിൽ കുറയാതെ പഞ്ചായത്തു പ്രദേശത്ത് തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽനികുതി ചുമത്തേണ്ട താണ്.എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഗ്രാമപഞ്ചായത്ത് തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | വർഷം | അർധവർഷം |
|---|---|---|---|
| 1 | നോബിൾ പബ്ലിക് സ്കൂൾ | 2014-15 | I,II |
| 2 | കെ.കെ.ഹോസ്പിറ്റൽ | 2014-15 | I,II |
| 3 | നടുവണ്ണൂർ ചിറ്റ്സ് | 2014-15 | I,II |
| 4 | ധനജീവ ചിറ്റ്സ് | 2014-15 | I,II |
| 5 | റെയിൻ റൂഫ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് | 2014-15 | II |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വരുമാനത്തെയും ശമ്പളത്തെയും സംബന്ധിച്ച വിവരങ്ങൾ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ 1996 ചട്ടം 16 പ്രകാരം തൊഴിലുടമകൾ 11-ാം നമ്പർ ഫോറത്തിൽ സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. ആയതിനാൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 257 (1) പ്രകാരം തൊഴിലുടമയിൽ നിന്ന് 500 രൂപ പിഴയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കേണ്ടതാണ്.

2. ബാലുശ്ശേരി താലൂക്ക് ആശുപത്രിയിലെ ജീവനക്കാരിൽ നിന്നും അർധവാർഷിക വരുമാനത്തിനനുസരിച്ച് തൊഴിൽനികുതി ഈടാക്കാത്തതിനാൽ ഈയിനത്തിൽ പഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | തസ്തിക | വർഷം | അർധ വർഷം | അർധ വാർഷിക വരുമാനം | ഈടാക്കണ്ടെ നികുതി | ഈടാക്കിയ നികുതി | റസീറ്റ് നമ്പർ/ തീയതി | കുറവ് |
|---|---|---|---|---|---|---|---|---|---|
| 1 | ശ്രീമതി.സുമതി.ടി | എക്സ്റേ അറ്റന്റർ | 2014-15 | I | 1,13,780 | 1000 | 750 | 11402102510/ 29.9.2014 | 250 |
| | | | | II | 1,10,280 | 1000 | 750 | 11402107761/ 27.2.2015 | 250 |
| 2 | ശ്രീമതി.ആയിഷ.പി.കെ | അറ്റന്റർ | 2014-15 | I | 1,05,584 | 1000 | 750 | 11402102510/ 29.9.2014 | 250 |
| | | | | II | 1,02,084 | 1000 | 750 | 11402107761/ 27.2.2015 | 250 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 3 | ശ്രീ.അബൂബക്കർ.എ | നഴ്സിംഗ് അസിസ്റ്റന്റ് | 2013-14 | II | 1,14,504 | 1000 | 750 | 1132400016/ 3.3.2014 | 250 |
| | | | 2014-15 | I | 1,30,546 | 1250 | 750 | 11402102510/ 29.9.2014 | 500 |
| 4 | ശ്രീ.വിജയകുമാർ.പി.വി | ഡ്രൈവർ | 2014-15 | I | 1,38,472 | 1250 | 1000 | 11402102510/ 29.9.2014 | 250 |
| | | | | II | 1,36,272 | 1250 | 1000 | 11402107761/ 27.2.2015 | 250 |
| 5 | ശ്രീമതി.ഹാജറ.വി.എ | ജൂനിയർ നഴ്സ് | 2014-15 | I | 1,28,032 | 1250 | 1000 | 11402102510/ 29.9.2014 | 250 |
| | | | | II | 1,25,832 | 1250 | 1000 | 11402107761/ 27.2.2015 | 250 |
| ആകെ | | | | | | | | | 2750 |

മേൽ അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ 18/18.12.2015 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് പഞ്ചായത്ത് ലഭ്യമാക്കിയ മറുപടിയിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് . പഞ്ചായത്ത് ഫണ്ടിന് നിയമാനുസൃതമായി ലഭിക്കേണ്ട നികുതി തുക പലിശസഹിതം ഉത്തരവാദികളിൽ നിന്നും ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-2 വാർഷിക കണക്കുകളിലെ അപാകതകൾ

പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2014-15 വർഷത്തെ ധനകാര്യപത്രിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ പറയുന്നു.

1. ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം നിർണ്ണയിച്ചത് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
2. വികസനഫണ്ടിന്റെ സ്രോതസ്സിൽ നിന്നും ഇലക്ട്രോണിക്സ് വോട്ടിംഗ് മെഷീന് വേണ്ടി കുറവ് ചെയ്ത 9 ലക്ഷം രൂപ വരവ് ചെലവ് പത്രികയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.
3.ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഇ.എഫ്.എം.എസ്. വഴി തൊഴിലാളികൾ നേരിട്ട് വേതനം വിതരണം ചെയ്തത് വരവ് ചെലവ് കണക്കിൽ അക്കൗണ്ട് ചെയ്തിട്ടില്ല.
4. അസി. എഞ്ചിനീയർ നിർവ്വഹണം ചെയ്ത പദ്ധതികളുടെ വാറ്റ്, എെ.ടി. നിർമ്മാണതൊഴിലാളിക്ഷേമനിധി വിഹിതം തുടങ്ങിയവ അടവാക്കിയത് പ്രത്യേകമായി വാർഷിക ധനകാര്യപത്രികയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

അപാകതകൾ പരിഹരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ആട് വളർത്തൽ പദ്ധതി

2013-14,2014-15 വർഷങ്ങളിൽ വെറ്ററിനറി സർജൻ നിർവഹണം നടത്തിയ ആട് വളർത്തൽ പദ്ധതികളുടെ ഫയലുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

എ) ആട് വളർത്തൽ - (എസ് സി )- 13-14

പ്രൊജക്ട് നം:40/14

അടങ്കൽ : 1,95,000/- വികസനഫണ്ട്(ജനറൽ)

<u>1,95,000/-</u> ഗുണഭോക്തൃ വിഹിതം
ആകെ 3,90,000/-

ചെലവ് : 60,000/- ബിൽ നം. J1/30.11.2013

<u>30,000/-</u> ബിൽ നം. J6/29.01.2014
ആകെ 90,000/-

എസ്. സി വിഭാഗത്തിൽപെട്ട 5 വനിതകളടങ്ങുന്ന ഗ്രൂപ്പുകൾക്ക് 5 ആടുകൾ വീതം നൽകുന്നതിനാണ് പ്രൊജക്ട്. ഒരു ഗ്രൂപ്പിന് 15,000/- രൂപ ധനസഹായം അനുവദിക്കും. 15,000/- രൂപ ഗുണഭോക്തൃ വിഹിതം പഞ്ചായത്തിൽ അടവാക്കണം. പ്രൊജക്ട് പ്രകാരം 6 ഗ്രൂപ്പുകൾക്ക് ആടുകളെ നൽകിയതിന് 1,80,000/- രൂപ (ഗുണഭോക്തൃ വിഹിതം 90000 ഉൾപ്പെടെ) ശ്രീമതി ബിന്ദു കോന്നോളിക്ക് നൽകിയിട്ടുണ്ട്. ആടുകളെ ഗുണഭോക്താക്കൾ നേരിട്ട് വാങ്ങുകയാണ് ചെയ്തത്.

1. 2 ഗ്രൂപ്പുകൾക്ക് ആടുകളെ നൽകിയതിന് 60,000/- രൂപ കൈപ്പറ്റിയതായി ശ്രീമതി ബിന്ദു കോന്നോളി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മറ്റ് 4 ഗ്രൂപ്പുകൾ ആടുകളെ വാങ്ങിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. ഗുണഭോക്താക്കൾ പട്ടികജാതിയിൽപ്പെട്ടവരാണെന്ന് തെളിയിക്കുന്നതിന് ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് നൽകിയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് ധനസഹായം നൽകിയത്. 27.4.07ലെ ജി.ഒ.(എം.എസ്) 136/07/ആർ ഡി നം.ഉത്തരവ് പ്രകാരം ജാതി സർട്ടിഫിക്കറ്റ് നൽകേണ്ടത് തഹസിൽദാരാണ്. പ്രസിഡണ്ട് ജാതി സർട്ടിഫിക്കറ്റ് നൽകാൻ ആധാരമാക്കിയ ഉത്തരവ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

പ്രൊജക്ടിന്റെ ഒരു ഗുണഭോക്താവായ ശ്രീമതി. ശ്രീന, പൊട്ടൻകാവിൽമീത്തൽ ഗ്രാമസഭാ ലിസ്റ്റിൽ പൊതുവിഭാഗത്തിലാണ് ഉൾപ്പെടുന്നത്. എന്നാൽ അവരുടെ റേഷൻകാർഡിൽ പട്ടികവർഗകുടുംബമാണെന്ന് പട്ടികവർഗവികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അതായത് ഗുണഭോക്താവ് പട്ടികജാതിയിൽപ്പെട്ട ആളാണെന്ന് ഉറപ്പ് വരുത്താതെയാണ് ധനസഹായം നൽകിയത്.

3. ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ 3/14.12.2015നം. ഓഡിറ്റ് എൻക്വയറിയ്ക്ക് വെറ്ററിനറി സർജൻ സമർപ്പിച്ച മറുപടിയിൽ ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടില്ല എന്ന് പറഞ്ഞിട്ടുണ്ട്. ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് തുക 90000രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

<u>ബി) ആട് വളർത്തൽ - ജനറൽ - 13-14</u>

പ്രൊജക്ട് നം: 47/14

അടങ്കൽ : 150000/- വികസനഫണ്ട്(ജനറൽ)

<u>150000/-</u> ഗുണഭോക്തൃ വിഹിതം
ആകെ 3,00,000/-

ചെലവ് : 120000/- ബിൽ നം. J2/30.11.2013

<u>30000/-</u> ബിൽ നം. J5/29.01.2014
ആകെ 1,50,000/-

പൊതുവിഭാഗത്തിൽപെട്ട 5 വനിതകളടങ്ങുന്ന ഗ്രൂപ്പുകൾക്ക് 5 ആടുകൾ വീതം നൽകുന്നതിനാണ് പ്രൊജക്ട്. ഒരു ഗ്രൂപ്പിന് 15000 രൂപ ധനസഹായം അനുവദിക്കും. 15000 രൂപ ഗുണഭോക്തൃ വിഹിതം പഞ്ചായത്തിൽ അടവാക്കണം. പ്രൊജക്ട് പ്രകാരം 10 ഗ്രൂപ്പുകൾക്ക് ആടുകളെ നൽകിയതിന് 300000രൂപ (ഗുണഭോക്തൃ വിഹിതം 150000 ഉൾപ്പെടെ) ശ്രീമതി ബിന്ദു കോന്നോളിക്ക് നൽകിയിട്ടുണ്ട്. പ്രൊജക്ട് നടപ്പാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 2 ഗ്രൂപ്പുകൾക്ക് ആടുകളെ നൽകിയതിന് 60000 രൂപ കൈപ്പറ്റിയതായി ശ്രീമതി ബിന്ദു കോന്നോളി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മറ്റ് 8 ഗ്രൂപ്പുകൾ ആടുകളെ വാങ്ങിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. ശ്രീമതി. ഗീത പൊട്ടൻകാവ് എന്ന ഗുണഭോക്താവിന്റെ റേഷൻകാർഡ് പ്രകാരം 5,000 രൂപ മാസവരുമാനമുണ്ട്. ജി.ഒ.(എം.എസ്) 172/13 ത.സ്വ.ഭ.വ തീയതി 14.5.13 പ്രകാരമുള്ള ഉത്തരവ് പ്രകാരം ഗുണഭോക്താവിന്റെ വാർഷികവരുമാനം 50,000 രൂപയിൽ കവിയാൻ പാടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ 3/14.12.2015 നം. ഓഡിറ്റ് എൻക്വയറിയ്ക്ക് വെറ്ററിനറി സർജൻ നൽകിയ മറുപടിയിൽ ശ്രീമതി.ഗീതയുടെ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കാമെന്ന് പറഞ്ഞിരുന്നെങ്കിലും ഇതുവരെ ഹാജരാക്കിയിട്ടില്ല. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ശ്രീമതി.ഗീത പൊട്ടൻകാവ് എന്ന ഗുണഭോക്താവിന് നൽകിയ 3,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. രേഖകളുടെ അഭാവത്തിൽ ബാക്കി തുക 1,47,000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-2 പശുഗ്രാമം പദ്ധതി

ഓഡിറ്റ് വർഷങ്ങളിൽ വെറ്ററിനറി സർജൻ നിർവഹണം നടത്തിയ പശുഗ്രാമം പദ്ധതികളുടെ ഫയലുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

എ)പശുഗ്രാമം - കുടുംബശ്രീ ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട് - 2013-14

പ്രൊജക്ട് നം: 77/14

അടങ്കൽ : 12,75,000/- വികസനഫണ്ട്(ജനറൽ)

12,75,000/- ഗുണഭോക്തൃ വിഹിതം

ആകെ 25,50,000/-

ചെലവ് : 12,75,000/- ബിൽ നം. J9/31.03.2014

5 വനിതകളടങ്ങുന്ന ഗ്രൂപ്പുകൾക്ക് പശുവിനെ വാങ്ങുന്നതിന് 75,000/- രൂപ വീതം ബാങ്ക് അക്കൗണ്ടിലേക്ക് ബാക്ക് എൻഡ് സബ്സിഡിയായി നൽകുന്നതിനാണ് പ്രൊജക്ട്. പ്രൊജക്ട് പ്രകാരം 12,75,000രൂപ പിൻവലിച്ച് എസ്.ബി.ടി.യുടെ ബാലുശ്ശേരി ബ്രാഞ്ചിലേയ്ക്ക് നൽകിയിട്ടുണ്ട്. തുക ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതായി ബാങ്ക് മാനേജർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.
1. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. സി.ഡി.എസ്. ചെയർ പേഴ്സൺ നൽകിയ ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത്.
2. പശുവിനെ ചുരുങ്ങിയത് 3 വർഷം വളർത്തുമെന്ന കരാർ വെച്ചിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 12,75,000 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

ബി) പശുഗ്രാമം പദ്ധതി - 2014-15

പ്രൊജക്ട് നം: 63/15

അടങ്കൽ : 3,00,000/- 13ാം ധനകാര്യകമ്മീഷൻ ഗ്രാന്റ്

ഗുണഭോക്തൃ വിഹിതം 3,00,000/-

ആകെ 6,00,000/-

ചെലവ് : 1,80,000/- ബിൽ നം. J2/12.1.15

75,000/- ബിൽ നം. J5/21.3.15

45,000/- ബിൽ നം. J7/30.3.15
ആകെ 3,00,000/-

മേൽ പ്രൊജക്ട് പ്രകാരം 20 ഗുണഭോക്താക്കൾക്ക് 15,000/-രൂപ വീതം ധനസഹായമായി അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് പശുവിനെ നൽകിയ ആളുകളുടെ പേരിൽ ഡി.ഡി ആക്കിയാണ് തുക നൽകിയിട്ടുള്ളത്. (15,000/-രൂപ ഗുണഭോക്തൃ വിഹിതം പഞ്ചായത്തിൽ അടച്ചിട്ടുണ്ട്.) പ്രൊജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. ശ്രീമതി. മാധവി അമ്മ, പുതിയോട്ടിൽ എന്ന ഗുണഭോക്താവിന്റെ റേഷൻകാർഡ് പ്രകാരം 6253 രൂപ മാസവരുമാനമുണ്ട്. ജി.ഒ.(എം.എസ്) 362/13 ത.സ്വ.ഭ.വ തീയതി 16.11.13 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 3.2(1) പ്രകാരം ഗുണഭോക്താവിന്റെ വാർഷികവരുമാനം 50,000/- രൂപയിൽ കവിയാൻ പാടില്ല.

2.ശ്രീമതി. നഫീസ,രണ്ടൊടിവയൽ എന്ന ഗുണഭോക്താവ് പശുവിനെ 3 വർഷം വളർത്തുമെന്നുള്ള കരാർ വെച്ചിട്ടില്ല.

3. ശ്രീമതി. ബിന്ദു,ചെറിയപറമ്പിൽ എന്ന ഗുണഭോക്താവിന്റെ വരുമാനം തെളിയിക്കുന്നതിനുള്ള രേഖ (റേഷൻ കാർഡിന്റെ പകർപ്പ്/ വരുമാന സർട്ടിഫിക്കറ്റ് ) ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ 5/14.12.2015നം. ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ശ്രീമതി. മാധവി അമ്മ, പുതിയോട്ടിൽ എന്ന ഗുണഭോക്താവിന് നൽകിയ 15,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ബാക്കി തുക 2,85,000/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-3 കുടുംബിനികൾക്ക് അരുമക്കോഴി വിതരണം - രേഖകൾ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.

ഓഡിറ്റ് വർഷങ്ങളിൽ വെറ്ററിനറി സർജൻ നിർവഹണം നടത്തിയ കോഴി വിതരണം പദ്ധതികളുടെ ഫയലുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

എ) കുടുംബിനികൾക്ക് അരുമക്കോഴി വിതരണം - 2013-14

പ്രൊജക്ട് നം: 2/14

അടങ്കൽ : 2,51,437/- വികസനഫണ്ട്(ജനറൽ)

83,813/- ഗുണഭോക്തൃ വിഹിതം

ആകെ 3,35,250

ചെലവ് : 1,68, 750/- ബിൽ നം. J3/30.11.2013
ഗുണഭോക്തൃവിഹിതം 83,813 /- ചെക്ക് നം. 4408 തി. 13.1.2014

82,687/- ബിൽ നം. J4/30.11.2013
**ആകെ** 3,35,250

പൊതുവിഭാഗത്തിൽപെട്ട 5 വനിതകളടങ്ങുന്ന ഗ്രൂപ്പുകൾക്ക് 25 കോഴികളെ വീതം നൽകുന്നതിനാണ് പ്രൊജക്ട്. ഗുണഭോക്താക്കളിൽ നിന്ന് 25% ഗുണഭോക്തൃ വിഹിതം ഈടാക്കി പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. 149 ഗ്രൂപ്പുകൾക്ക് നൽകുന്നതിന് 3725 കോഴികളെ പഞ്ചമി എഗ്ഗർ നഴ്സറി, താമരശ്ശേരി എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾ കോഴികളെ കൈപ്പറ്റിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 4/14.12.2015നം. ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിവിഹിതമിനത്തിലെ ചെലവ് തുക 251437/- തടസ്സത്തിൽ വെയ്ക്കുന്നു. രേഖകൾ ഹാജരാക്കാത്ത പക്ഷം ചെലവ് തുക ഉത്തരവാദിയായ വെറ്ററിനറി സർജന്റെ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്.

ബി) കുടുംബിനികൾക്ക് അരുമക്കോഴി വിതരണം - 2014-15

പ്രൊജക്ട് നം: 61/15

അടങ്കൽ : 2,68,000/- വികസനഫണ്ട്(ജനറൽ)

1,00,000/- 13ാം ധനകാര്യകമ്മീഷൻ ഗ്രാന്റ്

165/- തനത് ഫണ്ട്

1,26,385/- ഗുണഭോക്തൃ വിഹിതം

ആകെ 4,94,550

ചെലവ് : 2,68,000/- ബിൽ നം. J9/31.3.15

58,290/- ബിൽ നം. J10/31.3.15

41,710/- ബിൽ നം. J12/31.3.15

1,60,710/- ചെക്ക് നം. 1806193/31.3.15

20,790/- ചെക്ക് നം. 1806601/31.3.15

5,49,500/-

പൊതുവിഭാഗത്തിൽപെട്ട 5 വനിതകളടങ്ങുന്ന ഗ്രൂപ്പുകൾക്ക് 25 കോഴികളെ വീതം നൽകുന്നതിനാണ് പ്രൊജക്ട്. ഗുണഭോക്താക്കളിൽ നിന്ന് 25% ഗുണഭോക്തൃവിഹിതം ഈടാക്കിയിട്ടുണ്ട്. കോഴികളുടെ വിലയായി 5,49,500 രൂപ പഞ്ചമി എഗ്ഗർ നഴ്സറി, താമരശ്ശേരി എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പ്രൊജക്ട് നടപ്പാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പ്രൊജക്ടിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രൊജക്ട് ഭേദഗതി ചെയ്തിട്ടില്ല.

2. പഞ്ചമി എഗ്ഗർ നഴ്സറി സമർപ്പിച്ച ബില്ലുകളിൽ 5,00,100 രൂപയുടെ ക്യാഷ് ബില്ലുകൾ മാത്രമേ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളൂ.

2. ഗുണഭോക്താക്കൾക്ക് രശീത് നൽകി ഗുണഭോക്തൃ വിഹിതം സമാഹരിക്കേണ്ടതിനു പകരം പഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരം ശ്രീ.തറോൽ വൽസനെ ഗുണഭോക്തൃവിഹിതം ശേഖരിക്കുന്നതിന് ചുമതലപ്പെടുത്തുകയാണ് ചെയ്തത്. ടിയാൻ പിരിച്ചെടുത്ത തുക താഴെ പറയുന്ന രശീതുകൾ പ്രകാരം അടവാക്കിയിട്ടുണ്ട്. രശീതുകളിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല.

രശീത് നം.42935/52 - 1,60,710/-

രശീത് നം.42935/53 - 20,625/-

ശ്രീ.തറോൽ വൽസൻ ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അതിനാൽ ഗ്രാമസഭാലിസ്റ്റിലുള്ള ഗുണഭോക്താക്കളിൽ നിന്നാണോ ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തിട്ടുള്ളത് എന്നും പിരിച്ചെടുത്ത തുക പൂർണ്ണമായും പഞ്ചായത്തിൽ അടച്ചിട്ടുണ്ടോ എന്നതും പരിശോധിക്കാൻ സാധിച്ചിട്ടില്ല. തുക പിരിച്ചെടുത്തതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ ഉദ്യോഗസ്ഥനല്ലാത്ത ഒരാളെ ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കാൻ ചുമതലപ്പെടുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

4. ഗുണഭോക്താക്കൾ കോഴികളെ കൈപ്പറ്റിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ 4/14.12.2015നം. ഓഡിറ്റ് എൻക്വയറിയ്ക്ക് വെറ്ററിനറി സർജൻ സമർപ്പിച്ച മറുപടിയിൽ രേഖകൾ ഉടൻ തന്നെ ഹാജരാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. രേഖകൾ ഹാജരാക്കാത്ത പക്ഷം ചെലവ് തുക ഉത്തരവാദിയായ വെറ്ററിനറി സർജന്റെ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്. ചെലവ് തുക 3,68,165/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-4 കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗവിവരം ഹാജരാക്കിയില്ല.

വെറ്ററിനറി സർജൻ നടപ്പിലാക്കിയ കന്നുകുട്ടി പരിപാലനപദ്ധതിയുടെ ഭാഗമായി കാഫ് ഫീഡ് സബ്സിഡി സ്കീം അസിസ്റ്റന്റ് ഡയരക്ടർക്ക് താഴെ പറയും പ്രകാരം തുകകൾ കൈമാറിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം കൈമാറിയ തുകകളുടെ വിനിയോഗ വിവരം ലഭ്യമായിട്ടില്ല.

| ക്രമ നമ്പർ | പ്രൊജക്ടു നമ്പരും പേരും | തുക | വൌച്ചർ നമ്പർ |
|---|---|---|---|
| 1 | 3/14 - കന്നുകുട്ടി പരിപാലനപദ്ധതി | 3,50,000 വികസനഫണ്ട് ജനറൽ | ബിൽ നം.J8/ 31.03.2014 |
| 2 | 64/15 - കന്നുകുട്ടി പരിപാലനപദ്ധതി | 3,50,000 വികസനഫണ്ട് ജനറൽ | ബിൽ നം.J3/ 16.02.2015 |

മേൽ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ 7/14.12.2015 നം. ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 7,00,000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-5 പട്ടികജാതി വിവാഹധനസഹായം - ഗ്രാമസഭ തെരഞ്ഞെടുക്കാത്ത ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചു

നിർവഹണം : സെക്രട്ടറി

1) പ്രോജക്ട് : 10/14, പട്ടികജാതി വിവാഹധനസഹായം

അടങ്കൽ : 6,00,000/- വികസനഫണ്ട് -എസ്.സി.പി.

ചെലവ് : 3,50,000/- ബിൽ നം.43/31.01.2014

50,000/- ബിൽ നം.49/15.02.2014

1,50,000/- ബിൽ നം.64/31.03.2014

50,000/- ബിൽ നം.71/31.03.2014

ആകെ 6,00,000/-

2) `പ്രോജക്ട് : 6/15, പട്ടികജാതി വിവാഹധനസഹായം

അടങ്കൽ :9,00,000/- വികസനഫണ്ട് -എസ്.സി.പി.

ചെലവ് : 4,00,000/- ബിൽ നം.6/13.08.2014

4,00,000/- ബിൽ നം.33/28.02.2015

1,00,000/- ബിൽ നം.42/30.03.2015

ആകെ 9,00,000/-

പട്ടികജാതി വിഭാഗത്തിൽ പെട്ട പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകുന്ന പദ്ധതിയാണിത്. പദ്ധതിയിൽ 2013-14ൽ 12പേർക്കും, 2014-15ൽ 18പേർക്കും 50,000/- രൂപ വീതം ധനസഹായം നൽകുകയുണ്ടായി. എന്നാൽ ഇതിൽ 11 ഗുണഭോക്താക്കളെ മാത്രമേ ഗ്രാമസഭ വഴി തെരഞ്ഞെടുത്തിട്ടുള്ളൂ. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 3എ(സി) പ്രകാരം പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയിട്ടുള്ള പദ്ധതികൾ നടപ്പാക്കുമ്പോൾ നിശ്ചയിക്കപ്പെട്ട മാനദണ്ഡങ്ങൾക്കനുസരിച്ച് മുൻഗണനാക്രമത്തിൽ അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമാക്കി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന് നൽകേണ്ടത് ഗ്രാമസഭകളാണ്. ഗുണഭോക്താക്കളെ അവരുടെ അർഹത മാനദണ്ഡങ്ങൾക്കനുസരിച്ച് തെരഞ്ഞെടുക്കേണ്ട ചുമതല ഗ്രാമസഭകൾക്കാണ്. മേൽ നിയമം വകുപ്പ് 3എ(ജെ) പ്രകാരം സർക്കാരിൽ നിന്നും സബ്സിഡി ലഭിക്കുന്ന ആളുകളുടെ അർഹത പരിശോധിക്കേണ്ടതും ഗ്രാമസഭകളാണ്. ഗ്രാമസഭ തെരഞ്ഞെടുക്കാത്ത ഗുണഭോക്താക്കളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

2013-14

| ക്രമ നം | രക്ഷിതാവിന്റെ പേര് | കുട്ടിയുടെ പേര് | വാർഡ് | പഞ്ചായത്ത് തീരുമാനം |
|---|---|---|---|---|
| 1 | ശ്രീ.രത്നാകരൻ, മാടത്തും കോവിലകത്ത് | ഹരിത എം.കെ | 16 | നം. 132(2)/ 23.1.14 |
| 2 | ശ്രീമതി.ശാന്ത.കെ.കെ, കോട്ടക്കുന്നമ്മൽ | ശരണ്യ.കെ.കെ | 16 | -ടി- |
| | | | | |

| | | | | |
|---|---|---|---|---|
| 3 | ശ്രീ.രാജൻ, എടത്തിൽ | അഞ്ജുഷ | 9 | -ടി- |
| 4 | ശ്രീ.അരിയൻ.കെ, അരിക്കോടി വീട്ടിൽ | സജിത.കെ.പി | 7 | നം. 10/14(2)/ 12.5.14 |
| 5 | ശ്രീമതി.ദേവി.പി.കെ, കാരക്കാടൻ കണ്ടി | രേഷ്മ | 10 | നം. 10/14(2)/ 12.5.14 |
| 6 | ശ്രീമതി.സത്യഭാമ,മുടിയാണ്ടി | ബിബിഷ. എം | 15 | നം. 10/14(2)/ 12.5.14 |
| 7 | ശ്രീ.അനിൽ കുമാർ,കോട്ടക്കുന്നമ്മൽ | റിൻഷ | 17 | നം. 10/14(2)/ 12.5.14 |

2014-15

| ക്രമ നം | രക്ഷിതാവിന്റെ പേര് | കുട്ടിയുടെ പേര് | വാർഡ് | പഞ്ചായത്ത് തീരുമാനം |
|---|---|---|---|---|
| 1 | ശ്രീ.രാമൻ കുട്ടി. പി.എം, പുന്നത്തറമലയിൽ | രജ്ന.പി.എം | 2 | നം.26(1)/3.7.14 |
| 2 | ശ്രീമതി.മാളു, ചെട്ട്യാംകണ്ടി | രോഷ്നി | 18 | നം.26(1)/3.7.14 |
| 3 | ശ്രീ.എം.കെ.കൃഷ്ണൻ, മണിച്ചേരിമലയിൽ | ജിസ്ന | 3 | നം.26(1)/3.7.14 |
| 4 | ശ്രീമതി.ദേവി കോളനിയിൽ | ദിൽഷ | 5 | നം.26(1)/3.7.14 |
| 5 | ശ്രീമതി.മാധവി, വയപ്പുറത്ത് | അഭിന | 4 | നം.26(1)/3.7.14 |
| 6 | ശ്രീമതി.മാളു, ഈരുൾക്കുന്നമ്മൽ | ദിവ്യ | 1 | നം.26(1)/3.7.14 |
| 7 | ശ്രീമതി.ജാനു, ചെട്ട്യാംകണ്ടി | സനൂജ | 18 | നം.88(2)/6.3.15 |
| 8 | ശ്രീ.ദാമോദരൻ, പാലാപ്പറമ്പിൽ | ദീപ്തി | 20 | നം.88(2)/6.3.15 |
| 9 | ശ്രീ.അശോകൻ, ചെട്ട്യാംകണ്ടി | അശ്വതി അശോകൻ | 18 | നം.88(2)/6.3.15 |
| 10 | ശ്രീ.ബാലൻ.കെ.കെ, കിഴക്കെ കുറുമ്പൊയിൽ | അശ്വനി.കെ.കെ | 2 | നം.88(2)/6.3.15 |
| 11 | ശ്രീമതി.സുജാത,ഞെഴുവിൽമഠത്തിൽ | സജിന.വി.കെ | 13 | നം.88(2)/6.3.15 |
| 12 | ശ്രീമതി.ശാരദ.കെ.പി,കൊള്ളിയേലത്ത്. | ബിജില | 15 | നം.87(8)/25.2.15 |

ഗ്രാമസഭ തെരഞ്ഞെടുക്കാത്ത ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ടു നൽകിയ 16/18.12.2015നം. ഓഡിറ്റ് എൻക്വയറിയ്ക്ക് സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ മേൽ പറഞ്ഞ ഗുണഭോക്താക്കളുടെ അപേക്ഷകൾ അടുത്ത ഗ്രാമസഭയിൽ വെച്ച് അംഗീകാരം വാങ്ങുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമസഭാ തീരുമാനം ഹാജരാക്കുന്നതു വരെ ചെലവ് തുക 9,50,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-6 ഫർണ്ണീച്ചറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചില്ല.

1) ടെണ്ടർ നടപടികൾ കൂടാതെ സിഡ്കോവിൽ നിന്ന് സാധനങ്ങൾ വാങ്ങി നല്കി.

നിർവഹണം : സെക്രട്ടറി

പ്രോജക്ട് : 166/14, ഘടകസ്ഥാപനങ്ങൾക്ക് ഫർണ്ണീച്ചറും അനുബന്ധ ഉപകരണങ്ങളും

അടങ്കൽ : 7,09,578/- മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)

ചെലവ് : 6,65,578/- ബിൽ നം.68/31.3.14

പഞ്ചായത്തിന്റെ ഘടകസ്ഥാപനങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായിട്ടാണ് പദ്ധതി രൂപീകരിച്ച് താഴെ പറയുന്ന സാധനങ്ങൾ സിഡ്കോ, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ വാങ്ങി നൽകിയത്.

| ക്രമ നം. | ഇനം | എണ്ണം | വില (ഒന്നിന്) | ആകെ |
|---|---|---|---|---|
| 1 | എൽ ഇ ഡി ടിവി, സാംസംഗ് 32” | 2 | 43600 | 87200 |
| 2 | ഡി വി ഡി പ്ലെയർ, സാംസംഗ് | 2 | 5420 | 10480 |
| 3 | ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ | 5 | 38095 | 190475 |
| 4 | പ്രിന്റർ | 1 | 14285 | 14285 |
| 5 | വാട്ടർ പ്യൂരിഫയർ | 5 | 6550 | 32750 |
| 6 | റേഡിയോ, ഫിലിപ്സ് | 37 | 836 | 30932 |
| 7 | ഓഫീസ് ടേബിൾ | 1 | 5537 | 5537 |
| 8 | കസേര | 1 | 3848 | 3848 |
| 9 | ബെഞ്ച് | 13 | 2183 | 28379 |
| 10 | ഡസ്ക് | 13 | 3685 | 47905 |
| 11 | സ്റ്റീൽ അലമാര | 3 | 12282 | 36846 |
| 12 | സ്റ്റീൽ റാക്ക് | 10 | 5371 | 53710 |
| 13 | എൽ സി ഡി പ്രൊജക്ടർ | 1 | 55933 | 55933 |

ജി.ഒ(ആർ.ടി.)നം.65/13/എസ്.പി.ഡി/21/11/13, ജി.ഒ(ആർ.ടി.)നം.64/13/ എസ്.പി.ഡി / 21/11/13എന്നീ ഉത്തരവുകൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ടെൻഡർ നടപടികളില്ലാതെ തന്നെ സ്റ്റീൽ/മര ഫർണിച്ചറുകൾ സിഡ്കോയിൽ നിന്നും വാങ്ങാവുന്നതാണ്. പ്രസ്തുത ഉത്തരവുകളുടെ അനുബന്ധമായിട്ടുള്ള പട്ടികയിൽ സിഡ്കോ വിതരണം നടത്തേണ്ട ഫർണിച്ചറുകൾ ഏതെല്ലാമാണെന്നും അവയുടെ വാറ്റ് ഒഴികെയുള്ള നിരക്കും സർക്കാർ അംഗീകരിച്ച നൽകിയിട്ടുണ്ട്. ഫർണിച്ചറുകളുടെ വില 11.02.2009 ലെ നമ്പർ (ആർ.ടി.)11/2009/ എസ്.പി.ഡി. സർക്കാർ ഉത്തരവ് പ്രകാരം ആയിരിക്കണമെന്നും ഈ പട്ടികയിൽ ഉൾപ്പെടാത്ത ഇനങ്ങൾ വാങ്ങിക്കുന്നതിന് ക്വട്ടേഷൻ/ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ് എന്നും പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഈ പട്ടികയിൽ ഉൾപ്പെടാത്ത ഇനങ്ങളായ എൽ ഇ ഡി ടിവി, ഡി വി ഡി പ്ലെയർ, പ്രിന്റർ,വാട്ടർ പ്യൂരിഫയർ, റേഡിയോ, എൽ സി ഡി പ്രൊജക്ടർ,ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ എന്നിവ ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങിയിട്ടുണ്ട്.

2) ടെണ്ടർ നടപടികൾ കൂടാതെ കാഡ്കോവിൽ നിന്ന് സാധനങ്ങൾ നേരിട്ട് വാങ്ങി

നിർവഹണം : സെക്രട്ടറി

പ്രോജക്ട് : 90/15, ജനസൗഹൃദ പഞ്ചായത്ത് - പഞ്ചായത്ത് ഓഫീസ് നവീകരണം

അടങ്കൽ : 7,50,000/- തനത് ഫണ്ട്

ചെലവ് : 551953/- ചെക്ക് നം. 781232/05.09.2014

ഐ .എസ് .ഒ സർട്ടിഫിക്കേഷൻ പ്രവർത്തനത്തിന്റെ ഭാഗമായി പഞ്ചായത്തോഫീസ് നവീകരണം, റെക്കോർഡ് റൂം ഫർണിഷിംഗ് തുടങ്ങിയവ നടത്തുന്നതിന് വേണ്ടിയാണ് പ്രൊജക്ട് തയ്യാറാക്കിയത്. പ്രൊജക്ട് പ്രകാരം താഴെ പറയുന്ന പ്രവൃത്തികൾ കാഡ്കോ ചെയ്തിട്ടുണ്ട്.

| ക്രമ നം. | ഇനം | എണ്ണം | വില (ഒന്നിന് ) | ആകെ |
|---|---|---|---|---|
| 1 | അസി. സെക്രട്ടറിക്കുള്ള ക്യാബിൻ | 1 | 52899 | 52899 |
| 2 | സൂപ്പർവൈസർ ക്യാബിൻ | 2 | 23816 | 47632 |
| 3 | ഫയൽ റാക്ക് | 1 | 76200 | 76200 |
| 4 | വുഡൻ സ്ക്രീൻ | 1 | 15114 | 15114 |
| 5 | അലുമിനിയം ഫാബ്രിക്കേറ്റഡ് പാർട്ടീഷൻ | 1 | 42193 | 42193 |
| 6 | ഫാബ്രിക്കേറ്റഡ് ഫൈബർ ഡോർ | 1 | 4408 | 4408 |
| 7 | എക്സോസ്റ്റ് ഫാൻ | 1 | 2897 | 2897 |
| 8 | എക്സോസ്റ്റ് ഫാൻ ഇലക്ട്രിക്കൽ കണ്ട്രോൾ | 1 | 1437 | 1437 |
| 9 | വർക്ക് ടേബിൾ കം കബോർഡ് | 10 | 26449.5 | 264495 |
| 10 | ക്യൂബിക്കിൾ എക്സ്റ്റൻഷൻ | 1യൂണിറ്റ് | 12824 | 12824 |
| 11 | വുഡൻ സ്ക്രീൻ | 1യൂണിറ്റ് | 15916 | 15916 |
| 12 | ഹാഫ് ഡോർ | 1യൂണിറ്റ് | 1511 | 1511 |
| 13 | സ്ലൈഡിംഗ് കീബോർഡ് | 1യൂണിറ്റ് | 14427 | 14427 |
| | ആകെ | | | 551953 |

ടെണ്ടർ നടപടികൾ സ്വീകരിക്കാതെ കാഡ്കോയെ നേരിട്ട് പ്രവൃത്തി ഏല്പിക്കുകയാണ് ചെയ്തത്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ സിവിൽ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി കാഡ്കോയെ അംഗീകരിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ 15/18.12.2015നം. ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 12,17,531രൂപ (665578 + 551953) തടസ്സത്തിൽ വെയ്ക്കുന്നു.

## 3-7 തെരുവ് വിളക്കുകളുടെ റിപ്പയർ - പ്രൊജക്ട് - നടപടിക്രമങ്ങൾ പാലിച്ചില്ല.

പ്രൊജക്ട് നമ്പർ - 81/15

നിർവഹണോദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 2,92,000/- രൂപ, മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)

ചെലവ് - 2,92,000/- രൂപ, ബിൽ നം.46/30.03.2015

ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള 511 സി. എഫ് .എൽ ബൾബുകൾ ഒരു വർഷത്തേക്ക് റിപ്പയർ ചെയ്ത് സംരക്ഷിക്കുന്നതിന് ആന്വൽ മെയിന്റൻസ് കരാർ നൽകുന്നതിനായിട്ടാണ് പ്രൊജക്ട് ആവിഷ്കരിച്ചത്. ഇതിനായി ടെണ്ടർ ക്ഷണിച്ചതിൽ ഒരു സി എഫ് എല്ലിന് 580 രൂപ ക്വാട്ട് ചെയ്ത എയിംസ് എനർജി സിസ്റ്റം, തിരുവനന്തപുരം എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തു. സ്ഥാപനവുമായി നെഗോഷിയേറ്റ് ചെയ്തതിന്റെ അടിസ്ഥാനത്തിൽ തുക 570രൂപയാക്കി കുറച്ചു. 515 സി എഫ് എൽ ബൾബുകളുടെ റിപ്പയർ പ്രവൃത്തിക്ക് 2,93,550/-രൂപയുടെ ക്യാഷ് ബിൽ (നം.172/25.3.15) സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കരാർ തുകയിൽ ലിമിറ്റ് ചെയ്ത് 2,92,000/- രൂപ 03.07.2015ന് സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പദ്ധതി നടപ്പാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 20 വാർഡുകളിലെ 511 സി എഫ് എൽ ബൾബുകളുടെ ലിസ്റ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബി. നൽകിയ ലിസ്റ്റ് താഴെ പറയും പ്രകാരമാണ്.

സി. എഫ് .എൽ ബൾബുകൾ - 295 എണ്ണം

സാധാരണ ബൾബുകൾ - 193എണ്ണം

ട്യൂബുകൾ - 15എണ്ണം

സോഡിയം/ മെർക്കുറി വേപ്പർ ലാമ്പ് - 11എണ്ണം

ആകെ - 514എണ്ണം

കെ.എസ്.ഇ.ബി നൽകിയ കണക്ക് പ്രകാരം 295 സി എഫ് എൽ ബൾബുകളാണുള്ളത്. അതായത് കെ.എസ്.ഇ.ബി യുമായി സംയുക്തപരിശോധന നടത്തി ബൾബുകളുടെ എണ്ണം നിശ്ചയിക്കാതെയാണ് ആന്വൽ മെയിന്റൻസ് കരാർ നൽകിയത്.

2. തെരുവുവിളക്കുകളുടെ മെയിന്റനൻസുമായി ബന്ധപ്പെട്ട് തദ്ദേശ ഭരണവകുപ്പ് പുറപ്പെടുവിച്ച 3055/ഡ.എ.3/2011/ തസ്വഭവ തീ. 15.9.2011 നമ്പർ സർക്കുലറിൽ റിപ്പയർ പ്രവൃത്തികളിൽ ഉപയോഗിക്കുന്ന സാമഗ്രികൾ ഐ.എസ്.ഐ നിലവാരത്തിലുള്ളതും അവയുടെ നിരക്ക് കെ.എസ്.ഇ.ബി. യുടെ നിലവിലുള്ള നിരക്കിനേക്കാൾ അധികരിക്കാത്തതുമാവണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബി.യുമായി ബന്ധപ്പെട്ട് ഈ നിരക്ക് എത്രയെന്ന വിവരം ശേഖരിച്ചതിന്റെ രേഖകളില്ല.

3. നിലവിലുള്ള നിയമങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് കരാറുകാരനും ഗ്രാമപഞ്ചായത്തും തമ്മിൽ കരാർ വെക്കേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. കരാറുകാരൻ ഒപ്പുവെച്ച 18.03.2015 തീയതിയിലുള്ള ഒരു സ്റ്റാമ്പ് പേപ്പർ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

4. തെരുവുവിളക്കുകളുടെ സംരക്ഷണം എ.എം.സി. വച്ച് ഏറ്റെടുക്കുന്ന കരാറുകാരിൽ നിന്ന് കരാർ തുകയുടെ 10% തുക സെക്യൂരിറ്റിയായി ഈടാക്കേണ്ടതും പ്രവൃത്തിയുടെ തൃപ്തികരമായ പൂർത്തീകരണത്തിനു ശേഷം തിരികെ നൽകേണ്ടതുമാണ്. എന്നാൽ ഈ പ്രൊജക്ടിന്റെ നടത്തിപ്പിൽ ഇപ്രകാരം ചെയ്യുകയുണ്ടായില്ല.

5. തെരുവ് വിളക്കുകളുടെ ഒരു വർഷത്തേക്കുള്ള സംരക്ഷണത്തിനാണ് കരാർ വച്ചത്. കരാർ പ്രകാരമുള്ള ആനുപാതിക തുക കരാറിലെ വ്യവസ്ഥകൾ നിറവേറ്റുന്ന മുറയ്ക്ക് 3 മാസം കൂടുമ്പോൾ നൽകിയാൽ മതി. ഇതിന് വിരുദ്ധമായി മുഴുവൻ തുകയും 03.07.2015ന് കരാറുകാരന് നൽകുകയാണ് ചെയ്തത്. 18.03.2016നാണ് കരാർ കാലാവധി അവസാനിക്കുന്നത്. അതായത് 18.03.2016 വരെയുള്ള റിപ്പയർ പ്രവൃത്തികൾ സ്ഥാപനം ചെയ്യേണ്ടതുണ്ട്. എന്നാൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

6. ഇൻകം ടാക്സ് നിയമത്തിലെ സെക്ഷൻ 194സി പ്രകാരം എ.എം.സി. മുഖേന പ്രവൃത്തി നടപ്പാക്കുന്ന കരാറുകാരിൽ നിന്നു പ്രവൃത്തി തുകയുടെ 1% ആദായ നികുതി ഈടാക്കേണ്ടതുണ്ട്. എന്നാൽ കരാറുകാരനിൽ നിന്ന് ആദായ നികുതി ഈടാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ 8/16.12.15നം. ഓഡിറ്റ് എൻക്വയറിയ്ക്ക് സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ കെ.എസ്.ഇ.ബി.യുമായി സംയുക്ത പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. 295 സി.എഫ്.എൽ. ബൾബുകൾക്ക് പകരം 515 എണ്ണം റിപ്പയർ ചെയ്യുന്നതിന് തുക അനുവദിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികമായി നൽകിയ 1,25,400 രൂപ (220 x 570/-) ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്. ബാക്കി തുക 1,66,600 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-8 തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ പഞ്ചായത്തിന് നഷ്ടം

തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ ഗ്രാമ പഞ്ചായത്ത് തനതു ഫണ്ടിൽനിന്നും 2013-14വർഷം 1,92,855/-രൂപയും 2014-15 വർഷം 2,37,657/-രൂപയും ചെലവഴിച്ചിട്ടുണ്ട്.പ്രോജക്ട് നം.81/15 പ്രകാരം ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള 511 സി.എഫ്.എൽ.ബൾബുകൾ റിപ്പയർ ചെയ്ത് സംരക്ഷിക്കുന്നതിന് (എയിംസ് എനർജി സിസ്റ്റം എന്ന സ്ഥാപനത്തിന്) എ.എം.സി നല്കിയിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബി.നൽകിയ കണക്കുകൾ പ്രകാരം 295 സി.എഫ്.എൽ, 193 ഓർഡിനറി ബൾബുകൾ, 15 ട്യൂബുകൾ, 11സോഡിയം വേപ്പർ ലാമ്പുകൾ എന്നിവയുൾപ്പെടെ ആകെ 514തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജാണ് ഈടാക്കി വരുന്നത്. പഞ്ചായത്തിലെ തെരുവുവിളക്കുകൾ മുഴുവൻ സി.എഫ്.എൽ ആക്കിയെങ്കിലും 193 ഓർഡിനറി ബൾബുകൾ, 15 ട്യൂബുകൾ,എന്നിവ ഉൾപ്പെടുന്ന അധികനിരക്കിലുള്ള ബില്ലാണ് കെ.എസ്.ഇ.ബി. നൽകുന്നത്. ആയതിനാൽ വൈദ്യുതി ചാർജ്ജിനത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നുണ്ട്.കെ.എസ്.ഇ.ബി.യുമായി സംയുക്ത പരിശോധന നടത്താത്തതിനാലാണ് ഇപ്രകാരം നഷ്ടം സംഭവിക്കുന്നത്.

ഈ സാഹചര്യത്തിൽ കെ.എസ്.ഇ.ബി.യുമായി സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ തെരുവു വിളക്കുകളുടെ എണ്ണം, ഇനം എന്നിവ തയ്യാറാക്കി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയതു പ്രകാരമാണ് വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 3-9 മിച്ചഫണ്ട് ചട്ടവിരുദ്ധമായി ദേശസാൽകൃത ബാങ്കിൽ നിക്ഷേപിച്ചു

2014-15 സാമ്പത്തികവർഷം പനങ്ങാട് ഗ്രാമപഞ്ചായത്ത് കാനറാ ബാങ്ക്, ബാലുശ്ശേരി ശാഖയിൽ 25,00,000/- രൂപയുടെ സ്ഥിരനിക്ഷേപം നടത്തിയിട്ടുണ്ട് (എഫ്. ഡി രശീത് നമ്പർ 741587/25.02.2015) . 1996ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്ത് ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം പഞ്ചായത്തിന്റെ മിച്ചഫണ്ട് കേരളാ ഗവർമ്മെണ്ട് സെക്യൂരിറ്റികളിലോ, ഭാരതസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സെക്യൂരിറ്റികളിലോ, ട്രഷറിയിലോ, ഓഡിറ്റ് തരംതിരിവിൽ 'ബി'യിൽ കുറയാത്ത സഹകരണ സ്ഥാപനങ്ങളിലോ മാത്രമേ നിക്ഷേപിക്കാവൂ. മിച്ചഫണ്ട് നിക്ഷേപങ്ങളുടെ കാര്യത്തിൽ ഈ നിബന്ധന പാലിക്കണമെന്ന് 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 48 ലും നിഷ്കർഷിക്കുന്നുണ്ട്. ചട്ടവിരുദ്ധമായി സ്ഥിരനിക്ഷേപം നടത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയായി കനറാ ഗ്രാമോദയ പദ്ധതിയിൽ ഉൾപ്പെടുത്തി പനങ്ങാട് ഗ്രാമപഞ്ചായത്തിലെ 2 വാർഡുകളെ കാനറാ ബാങ്ക് ദത്തെടുത്ത് അടിസ്ഥാന സൗകര്യത്തിനായി 18 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ബാങ്ക് മാനേജരുടെ അപേക്ഷ പരിഗണിച്ച് ഗ്രാമപഞ്ചായത്തിന്റെ 04.02.2015ലെ 84(16) നമ്പർ തീരുമാനപ്രകാരമാണ് 25,00,000/- രൂപ സ്ഥിരം നിക്ഷേപം നടത്തിയത് എന്നുമാണ് അറിയിച്ചിട്ടുള്ളത്. സ്ഥിരനിക്ഷേപം നടത്തുന്നത് സംബന്ധിച്ച ചട്ടത്തെ മറികടന്ന് തീരുമാനം കൈക്കൊള്ളുവാൻ ഗ്രാമപഞ്ചായത്ത് ഭരണസമിതിക്ക് അധികാരം ഇല്ല. ചട്ടപ്രകാരം തുക പുനർനിക്ഷേപം നടത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. .

## 3-10 നിർമല്ലൂർ വാഴോറമല കുടിവെള്ള പദ്ധതി - പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടില്ല.

നിർവ്വഹണം : സെക്രട്ടറി

| വർഷം | പ്രോജക്ട് നമ്പർ | ചെലവ് | ബിൽ നമ്പർ/ തിയ്യതി | ഫണ്ടിനം |
|---|---|---|---|---|
| 2013-14 | 164/14 | 25,25,000<br>6,82,500 | 44/31.01.2014<br>54/12.03.2014 | വികസനഫണ്ട് -എസ്.സി.പി. |
| 2014-15 | 87/15 | 36,92,500<br>7,00,000 | 25/15.11.2014<br>44/30.03.2015 | -ടി- |
| | ആകെ | 76,00,000/- | | |

മേൽ പദ്ധതിക്കു വേണ്ടി 2013-14,2014-15 വർഷങ്ങളിലായി 76,00,000/- രൂപ മേൽ പറഞ്ഞ പ്രകാരം കേരള വാട്ടർ അതോറിറ്റിയുടെ വടകര പി.എച്ച്. ഡിവിഷനിൽ ഡപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ കണ്ട പ്രധാന അപാകതകൾ താഴെ കൊടുക്കുന്നു.

1. കരാർ പ്രകാരം പ്രവൃത്തി ആരംഭിക്കാത്തതിനാൽ ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചില്ല.

18.03.2014 ന് ഗ്രാമപഞ്ചായത്തും വാട്ടർ അതോറിറ്റിയും തമ്മിൽ വെച്ച കരാർ പ്രകാരം പ്രസ്തുത പ്രവൃത്തി 01.09.2014ന് ആരംഭിച്ച് 31.05.2015ന് പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് തീയതി വരെയും പ്രവൃത്തി ആരംഭിച്ചിട്ടില്ല. പ്രൊജക്ടിന് ഇതു വരെ സാങ്കേതികാനുമതി ലഭിച്ചിട്ടില്ല. സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് കോഴിക്കോട് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് സമർപ്പിച്ചതായി 05.01.2015ലെ ഡി6-5051/13നം കത്ത് പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

2. ടാങ്കിനുള്ള സ്ഥലം പഞ്ചായത്തിന് കൈമാറിയിട്ടില്ല.

മഞ്ഞപ്പുഴയുടെ തീരത്തുള്ള മഞ്ഞക്കാവയൽ ഭാഗത്ത് കോൺക്രീറ്റ് കിണറും വാഴോറമല പാറമുക്കിനടുത്ത് 15000 ലിറ്റർ ശേഷിയുള്ള ജലസംഭരണിയും നിർമ്മിക്കാനാണ് ഉദ്ദേശിച്ചത്. കിണറിനുള്ള സ്ഥലം പുഴപ്പുറമ്പോക്കാണ്. എന്നാൽ ടാങ്കിനുള്ള സ്ഥലം സ്വകാര്യവ്യക്തിയുടേയാണ്. ഈ സ്ഥലം ഇതുവരെ പഞ്ചായത്തിന് കൈമാറിയിട്ടില്ല. പദ്ധതിയുടെ കിണറും ഭൂവിതാന ടാങ്കും നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമാക്കിയതിന്റെ രേഖ എത്രയും പെട്ടെന്ന് സമർപ്പിക്കാൻ 05.01.2015ലെ ഡി 6 – 5051/13നം കത്ത് പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ ആവശ്യപ്പെട്ടിരുന്നെങ്കിലും ഇക്കാര്യത്തിൽ യാതൊരു തുടർനടപടിയും സ്വീകരിച്ചതായി കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ 17/18.12.2015 നം. ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പ്രൊജക്ടിന് സാങ്കേതികാനുമതി ലഭ്യമാക്കി പ്രവൃത്തി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. ചെലവ് തുക 76,00,000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-11 വനിതാ തൊഴിൽ സംരഭങ്ങളും പരിശീലനവും - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രൊജക്ട് നം.: 88/15

അടങ്കൽ : 4,00,000/-രൂപ ( 2,00,000/- രൂപ വികസന ഫണ്ട്, 2,00,000/-രൂപ ഗുണ.വിഹിതം)

ചെലവുതുക : 2,00,000/-രൂപ

ബിൽ നം. : 6/2014-15/30.3.2015

മേൽ പ്രൊജക്ട് പ്രകാരം 10 പേർ അടങ്ങുന്ന വർണ്ണം കുടുബശ്രീ ഗ്രൂപ്പിന് ശിങ്കാരി മേളത്തിൽ പരിശീലനം നേടി തൊഴിൽ സംരഭം ആരംഭിക്കുന്നതിന് ധനസഹായമായി 2,00,000/-രൂപ വികസനഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. തൊഴിൽ പരിശീലനത്തിനും യൂണിഫോറത്തിനും വാദ്യോപകരണങ്ങൾക്കുമായി 4,00,000/-രൂപയാണ് അംഗീകരിച്ച പ്രൊജക്ടിൽ വകയിരുത്തിയിട്ടുള്ളത്. 2,00,000/-രൂപ പഞ്ചായത്ത് വിഹിതവും ബാക്കി ഗുണഭോക്തൃ വിഹിതവുമാണ് .

പനങ്ങാട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും 4,00,000/-രൂപ ലോൺ ലഭ്യമാക്കിയതിനെ തുടർന്ന് ഗ്രാമപഞ്ചായത്ത് വിഹിതം ഗ്രൂപ്പിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് (നംSB.7152)നൽകുകയുണ്ടായി. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ജി.ഒ.(എം.എസ്.)362/2013/ത.സ്വ.ഭ.വ./16.11.2013 പ്രകാരം ഗ്രൂപ്പ് തൊഴിൽ സംരഭങ്ങളിലെ അംഗങ്ങൾ വാർഷിക വരുമാനം 50,000/-രൂപയിൽ കവിയാത്ത കുടുബത്തിലെ അംഗമായിരിക്കണം. എന്നാൽ ഗ്രൂപ്പിലെ അംഗങ്ങളുടെ വരുമാനം സംബന്ധിക്കുന്ന സർട്ടിഫിക്കറ്റോ ബി.പി.എൽ. അംഗമാണെന്നുള്ള സർട്ടിഫിക്കറ്റോ ഹാജരാക്കിയിട്ടില്ല.

2. വർണ്ണം ഗ്രൂപ്പ് 10.01.2015 ലാണ് സി.ഡി.എസിൽ രജിസ്ററർ ചെയ്തിട്ടുള്ളത്(നം.ME1/14-15). ഗ്രേഡിംഗ് നടത്താതെയാണ് ടി ഗ്രൂപ്പിനെ ധനസഹായത്തിനായി തെരെഞ്ഞെടുത്തിട്ടുള്ളതെന്ന് കാണുന്നു. ഗ്രേഡിംഗ് നടത്തിയ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3. ധനസഹായം അനുവദിച്ച വർണ്ണം ഗ്രൂപ്പുമായി ഗ്രാമപഞ്ചായത്ത് ഉടമ്പടി വെച്ചിട്ടില്ല.

4. സംരംഭക ഗ്രൂപ്പിന് ബാങ്ക് വായ്പ പാസ്സാക്കിയതായി 23.03.2015 ന് പഞ്ചായത്ത് അറിയിച്ചതിൻെറ അടിസ്ഥാനത്തിൽ 2,00,000/-രൂപ ഗ്രാമപഞ്ചായത്ത് ബിൽ പ്രകാരം 30.03.2015 ന് പിൻവലിച്ചെങ്കിലും പ്രസ്തുത തുക ഡി.ഡി.നം.931668/21.5.2015 പ്രകാരമാണ് പനങ്ങാട് കോ-ഓപ്പറേറ്റീവ് ബാങ്കിന് നൽകിയിട്ടുള്ളത്. ട്രഷറിയിൽ നിന്നും പിൻവലിച്ച 200000/-രൂപ ഒന്നര മാസത്തിലധികം വൈകിയാണ് ബാങ്കിൽ ഒടുക്കിയിട്ടുള്ളത്. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടിയിൽ 30.03.2015 ന് ലഭിച്ച പി.ഒ.സി. ബാങ്കിലെ തിരക്ക് കാരണം 21.05.2015 ന് മാത്രമാണ് ഡി.ഡി.യായി ലഭിച്ചെതന്നാണ് അസി.സെക്രട്ടറി വ്യക്തമാക്കിയിട്ടുള്ളത്. വിശദീകരണത്തിന് ആധാരമായ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

5. 4,00,000/- രൂപ ബാങ്കിൽ നിന്നും വായ്പ എടുത്തിട്ടുണ്ടെങ്കിലും തൊഴിൽ സംരഭത്തിനായി വിനിയോഗിച്ച കാണുന്നില്ല. വർണ്ണം ഗ്രൂപ്പിന്റെ മിനുട്സ് ബുക്ക്, വൗച്ചറുകൾ എന്നിവ പ്രകാരം നാളിതുവരെയായി 1,92,825/-രൂപയാണ് പരിശീലനം, വാദ്യോപകരണങ്ങൾ, യൂണിഫോറം, മറ്റിനങ്ങൾ എന്നിവയ്ക്കായി ചെലവഴിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് അനുവദിച്ച 2,00,000/-രൂപയിൽ നിന്നാണ് ചെലവു വഹിച്ചിട്ടുള്ളത്. എസ്.ജി.എസ്.വൈ മാനദണ്ഡപ്രകാരം ബാങ്ക് ലോൺ പൂർണ്ണമായും പിൻവലിച്ച് പ്രൊജക്ട് പ്രകാരമുള്ള പ്രവർത്തനങ്ങളുടെ നിർവ്വഹണത്തിനായി വിനിയോഗിക്കേണ്ടതാണ്. ആയത് പാലിക്കപ്പെട്ടിട്ടില്ല.

6. കേരള സംസ്ഥാന ഇൻഡസ്ട്രിയൽ എൻറർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും 14.9.2015 ന് 10 ചെണ്ടയും 5 സെറ്റ് ഇലത്താളവും ചെണ്ടയുടെ കവറും വാങ്ങിയതിന് 1,59,725/-രൂപ നൽകിയിട്ടുണ്ട്. 17.12.2015 ന് ഓഡിറ്റ് ടീം നടത്തിയ ഭൗതിക പരിശോധനയിൽ 9 ചെണ്ടകളും 5സെററ്ഇലത്താളവും സൂക്ഷിച്ചതായി കണ്ടു. 1 ചെണ്ടയുടെ മുകൾ ഭാഗം പൊളിഞ്ഞതായും 1 ചെണ്ട റിപ്പയർ ചെയ്യുന്നതിനായി കൊണ്ടുപോയതായും ബോധ്യപ്പെട്ടു. ചെണ്ട വാങ്ങി 3 മാസമായപ്പോഴേക്കും പൊട്ടിപ്പോയത് ഗുണനിലവാരമില്ലായ്മയെ സൂചിപ്പിക്കുന്നു. ശിങ്കാരി മേളം ട്രൂപ്പ് പ്രവർത്തനക്ഷമമാണെങ്കിലും പദ്ധതി മോണിട്ടറിംഗ് ഫലപ്രദമായി നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിററ് എൻക്വയറിക്ക് (നം.13/2014-15/17.12.2015) ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താക്കളുടെ വരുമാനം സംബന്ധിക്കുന്ന രേഖകൾ, ഗ്രൂപ്പുമായുണ്ടാക്കിയ കരാർ, ഗ്രേഡിംഗ് നടത്തിയതുമായി ബന്ധപ്പെട്ട രേഖകൾ എന്നിവ മറുപടിയോടൊപ്പം സമർപ്പിക്കുന്നുവെന്ന് കാണിച്ചിട്ടുണ്ടെങ്കിലും രേഖകൾ സമർപ്പിച്ചിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവു തുക 2,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കാത്ത പക്ഷം ചെലവ് തുക ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്.

## 3-12 സ്കൂൾ കുട്ടികൾക്ക് ഡയറി - സർക്കാർ അനുമതിയില്ലാതെ പ്രൊജക്റ്റ് നടപ്പാക്കി

| | |
|---|---|
| പ്രൊജക്റ്റ് നം 29/13-14 , സ്കൂൾ കുട്ടികൾക്ക് ഡയറി | അടങ്കൽ - 35,000 (തനതു ഫണ്ട്) |
| | ചെലവ് - 25,000 (ഡി.ഡി നം. 660390/30.08.13) |
| പ്രൊജക്റ്റ് നം 21/14 -15, സ്കൂൾ കുട്ടികൾക്ക് ഡയറി | അടങ്കൽ - 35,000 (തനതു ഫണ്ട്) |
| | ചെലവ് - 28,625 (ഡി.ഡി നം. 781124/26.08.14) |
| നിർവ്വഹണം | ഹെഡ്സ് മാസ്റ്റർ |

ഗ്രാമപഞ്ചായത്തിലെ സർക്കാർ / എയ്ഡഡ് വിദ്യാലയങ്ങളിലെ പ്രൈമറി വിഭാഗം വിദ്യാർത്ഥികൾക്ക് ഗ്രാമപഞ്ചായത്തിന്റെ സേവനം, പൊതുവിവരങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന സ്കൂൾ ഡയറി വിതരണം ചെയ്യുക എന്ന ലക്ഷ്യത്തോടെ 2013-14, 2014-15 വർഷങ്ങളിൽ പ്രൊജക്റ്റ് നടപ്പാക്കിയിട്ടുണ്ട്. അദ്ധ്യാപകർക്കും വിദ്യർത്ഥികൾക്കും വിതരണം ചെയ്യുന്നതിനുള്ള പുസ്തകങ്ങൾ തയ്യാറാക്കൽ, അച്ചടി, മറ്റു പഠനസാമഗ്രികൾ തയ്യാറാക്കൽ എന്നിവ വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയിൽ നടന്നുവരുന്ന പ്രവർത്തനങ്ങളാകയാൽ ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് മുൻപ് സർക്കാർ അനുമതി വാങ്ങിച്ചിരിക്കണമെന്ന് പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ് [ ജി.ഒ (എം.എസ് ) 225/12/ത.സ്വ.ഭ.വ/ 18.08.2012 , ജി.ഒ (എം.എസ് ) 362/13/ത.സ്വ.ഭ.വ/ 16.11.2013 എന്നീ ഉത്തരവുകളുടെ അനുബന്ധം-1, ഖണ്ഡിക 6(v) ]. എന്നാൽ സർക്കാർ അനുമതിയില്ലാതെയാണ് മേൽ പ്രൊജക്റ്റുകൾ നടപ്പാക്കിയിട്ടുള്ളത്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രൊജക്റ്റ് നടപ്പാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഗ്രാമപഞ്ചായത്തിന്റെ ചരിത്രം, ഭൂപ്രകൃതി, സേവനങ്ങൾ എന്നിവയെ പറ്റിയുള്ള വിവരങ്ങൾ നൽകുന്ന ഒരു സമഗ്ര ഗൈഡായാണ് ഡയറി കുട്ടികൾക്ക് നൽകിയത് എന്നും ഇത്തരമൊരു പ്രൊജക്റ്റ് ഏറ്റെടുക്കുന്നതിന് ജില്ലാതല പദ്ധതിരൂപീകരണ സമയത്ത് എസ്.എസ്.എ യോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് അംഗീകരിക്കപ്പെടാത്ത സാഹചര്യത്തിലാണ് പ്രൊജക്റ്റ് നടപ്പാക്കിയത് എന്നുമാണ് അറിയിച്ചിട്ടുള്ളത്. പ്രൊജക്റ്റ് നടപ്പാക്കുന്നതിന് മുൻപ് സർക്കാർ അനുമതി വാങ്ങിച്ചിട്ടില്ലാത്തതിനാൽ മറുപടി അംഗീകരിക്കുന്നില്ല. ഈയിനത്തിലുള്ള ആകെ ചെലവു തുക 53,625/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-13 സമ്പൂർണ്ണ കായികക്ഷമതാ പരിപാടി - മറ്റു വിഭാഗങ്ങളുടെ ചുമതലയിലുള്ള പ്രവർത്തനങ്ങൾക്ക് സമാനമായി പ്രൊജക്റ്റ് നടപ്പാക്കി

| | |
|---|---|
| പ്രൊജക്റ്റ് നം 28/13-14 , സമ്പൂർണ്ണ കായികക്ഷമതാ പരിപാടി | അടങ്കൽ - 1,75,000 (തനതു ഫണ്ട്) |
| | ചെലവ് - 49,264 |
| പ്രൊജക്റ്റ് നം 12/14 -15, സമ്പൂർണ്ണ കായികക്ഷമതാ പരിപാടി | അടങ്കൽ - 85,000 (തനതു ഫണ്ട്) |
| | ചെലവ് - 82,000 |
| നിർവ്വഹണം | ഹെഡ്സ് മാസ്റ്റർ |

ഗ്രാമപഞ്ചായത്തിലെ വിദ്യാലയങ്ങളിലെ തിരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് അത്‌ലറ്റിക്സ്, വോളിബോൾ, യോഗ എന്നിവയിൽ പ്രാവീണ്യം നൽകുന്നതിനും എല്ലാ വിദ്യാലയങ്ങളിലെയും എൽ.പി വിഭാഗം വിദ്യാർത്ഥികൾക്ക് കായിക പ്രോൽസാഹന പരിപാടിയും കായികക്ഷമതാ പരിശോധനയും നടത്തുന്നതിനുമാണ് മേൽ പ്രൊജക്റ്റുകൾ പ്രകാരം വിഭാവനം ചെയ്തിരുന്നത്

കളിസ്ഥലങ്ങളുടെയും സ്റ്റേഡിയങ്ങളുടെയം നിർമ്മാണമാണ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം ( വകുപ്പ് 166 ഉപവകുപ്പ് (1) പട്ടിക - 3) ഗ്രാമപഞ്ചായത്തന്റെ കായിക - വിനോദ മേഖലയിലുമുള്ള ചുമതലകൾ. സ്കൂൾ വിദ്യാർത്ഥികളിൽ കായികക്ഷമത വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പാക്കേണ്ടത് വിദ്യാഭ്യാസ

വകുപ്പും, കേരള സംസ്ഥാന സ്പോർട്ട്സ് കൗൺസിലുമാണ് [സ.ഉ. (എം.എസ്) നം.10/08/ പൊ.വി. തീയ്യതി. 07.01.2008, സ.ഉ.(എം.എസ്) നം 217/08/ പൊ.വി.തീയ്യതി. 11.11.2009, 18/08/2012ലെ (എം.എസ്.)225/12/ത.സ്വ.ഭ.വ, 16.11.2013ലെ(എം.എസ്)362/2013/ ത.സ്വ.ഭ.വ എന്നീ നമ്പർ ഉത്തരവുകൾ ] സംസ്ഥാന കായിക വകുപ്പിന്റെ ചുമതലയിലുള്ള പ്രവർത്തനങ്ങൾക്ക് സർക്കാരിന്റെ പ്രത്യേക അനുമതിയില്ലാതെ പദ്ധതി രൂപീകരിച്ച് പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ പനങ്ങാട് ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന മികച്ച കായികപഠനകേന്ദ്രമായ ഉഷ സ്കൂൾ ഓഫ് അത്‌ലറ്റിക്സിന്റെ പ്രയോജനം ഗ്രാമപഞ്ചായത്തിലെ തിരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്ക് ലഭ്യമാക്കുക എന്ന സദുദ്ദേശത്തോടെയാണ് പ്രൊജക്ട് തയ്യാറാക്കിയത് എന്നും എസ്.എസ്.എ, സ്പോർട്സ് കൗൺസിൽ എന്നിവ പഞ്ചായത്തിൽ സമാന പദ്ധതികൾ നടപ്പാക്കിയിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. മറ്റുവകുപ്പുകളുടെ ചുമതലയിൽ നടത്തപ്പെടേണ്ട ഇത്തരം പദ്ധതികൾ ഏറ്റെടുക്കാതിരിക്കാൻ ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതും, ഇത്തരം പ്രൊജക്ടുകൾ ആവശ്യമായി വരുന്നപക്ഷം ബന്ധപ്പെട്ട വകുപ്പുകളുടെ ചുമതലയിൽ അവ നടത്തിയെടുക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്

## 3-14 സ്റ്റുഡൻറ് മാഗസിൻ - എസ്.എസ്.എ പദ്ധതിയിൽ ഉൾപ്പെടുത്താതെ പ്രത്യേക പ്രൊജക്ട് വച്ചു

| | |
|---|---|
| പ്രൊജക്ട് | 19/14-15, സ്റ്റുഡന്റ് മാഗസിൻ |
| അടങ്കൽ | 50,000 (തനത് ഫണ്ട്) |
| ചെലവ് | 49,500 |
| നിർവ്വഹണം | ഹെഡ്മ് മാസ്റ്റർ |

ഗ്രാമപഞ്ചായത്തിലെ സർക്കാർ / എയ്ഡഡ് വിദ്യാലയങ്ങളിലെ കുട്ടികളുടെ മികച്ച സാഹിത്യ സൃഷ്ടികൾ സമാഹരിച്ച് പ്രസിദ്ധീകരിക്കുക എന്ന ലക്ഷ്യത്തോടെ മേൽ പ്രൊജക്ട് പ്രകാരം മാഗസിൻ അച്ചടിച്ച് പനങ്ങാട് ഗ്രാമപഞ്ചായത്തിലെ 11 പ്രൈമറി സ്കൂളുകളിലായി വിതരണം ചെയ്തിട്ടുണ്ട്.

കുട്ടികളുടെ സർഗ്ഗാത്മകശേഷികൾ വികസിപ്പിക്കുന്നതിനു വേണ്ടിയുള്ള നിരവധി പരിപാടികൾ എസ്.എസ്.എ നടപ്പാക്കി വരുന്നുണ്ട് എന്നും അനുപൂരകമായി ഇത്തരം പരിപാടികൾ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അത്തരം പരിപാടികൾ എസ്.എസ്.എ പ്രൊജക്ടിൽ ഉൾപ്പെടുത്തി നടപ്പാക്കേണ്ടതാണെന്നും പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖയിൽ [ ജി.ഒ (എം.എസ് ) 362/13/ത.സ്വ.ഭ.വ/ 16.11.2013 ഉത്തരവ് അനുബന്ധം-1, ഖണ്ഡിക 6(iii) ] വ്യക്തമാക്കിയിട്ടുണ്ട്. എസ്.എസ്.എ വിഹിതമായി ഗ്രാമപഞ്ചായത്ത് 2013-14 ൽ 11,37,000/- രൂപയും 2014-15 ൽ 5,62,551 രൂപയും നൽകിയിട്ടും മാഗസിൻ അച്ചടിച്ച് വിതരണം ചെയ്യുന്നതിനായി പ്രത്യേക പ്രൊജറ്റ് നടപ്പാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയായി എസ്.എസ്.എ പദ്ധതി രൂപീകരണ സമയത്ത് ഇത്തരമൊരു പ്രൊജക്ടിന് വേണ്ടി പി.ഇ.സിയും ജനപ്രതിനിധികളും അവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് അംഗീകരിക്കപ്പെട്ടില്ലെന്നും ജില്ലാതലത്തിൽ മാഗസിനു വേണ്ടിയുള്ള പ്രൊജക്ട് രൂപീകരിക്കപ്പെടുകയോ എസ്.എസ്.എ വിഹിതത്തിൽ അതിനുള്ള തുക ഉൾപ്പെടുത്തുകയോ ചെയ്തിരുന്നില്ലെന്നും അതിനാലാണ് പഞ്ചായത്ത് തലത്തിൽ ഇത്തരത്തിലൊരു പ്രൊജക്ട് നടപ്പാക്കിയത് എന്നുമാണ് അറിയിച്ചിട്ടുള്ളത്. മേലിൽ കുട്ടികളുടെ സർഗ്ഗാത്മകശേഷികൾ വികസിപ്പിക്കുന്നതിനു വേണ്ടി മാഗസിൻ തയ്യാറാക്കുന്നതു പോലുള്ള പ്രൊജക്ടുകൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പക്ഷം ആയത് നിർബന്ധമായും എസ്.എസ്.എ പ്രൊജക്ടിൽ ഉൾപ്പെടുത്തിക്കിട്ടുന്നതിന് വേണ്ടിയുള്ള നടപടികൾ ഭരണസമിതിയും പി.ഇ.സിയും സ്വീകരിക്കേണ്ടതും ആയതിന് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പ്രത്യേക പ്രൊജക്ട് നടപ്പാക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-15 മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റി : പ്രവൃത്തി പൂർത്തീകരിച്ചില്ല

2014-15 വർഷത്തിൽ താഴെ പറയുന്ന പ്രവൃത്തിക്കായി ഗുണഭോക്തൃ സമിതി കൺവീനർ എഗ്രിമെന്റ് വെച്ച് മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയിട്ടുണ്ട്.

| പ്രവൃത്തിയുടെ പേര് | കൈപ്പറ്റിയ അഡ്വാൻസ് | ബിൽ നം. /തീയതി |
|---|---|---|

| | | |
|---|---|---|
| പ്രൊജക്ട് നം.58/15<br>വയലട ശിശുമന്ദിരം റിപ്പയർ<br>കൺവീനർ : എൻ.ജി.സതീഷ് | 60000 | 28/14-15/23.2.2015 |
| ആകെ | 60000 | |

മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പററി ഒരു വർഷത്തോളമായിട്ടും നാളിതുവരെ കൺവീനർ മേൽ പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബിൽ കൈപ്പററിയിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിററ് എൻക്വയറി നം.24/2013-14/19.12.2015 ന് ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തി പൂർത്തിയായതായും ബിൽ തയ്യാറാക്കി വരികയാണെന്നും അസി.എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബിൽ സമർപ്പിക്കേണ്ടതും വിവരം ഓഡിററിനെ അറിയിക്കേണ്ടതുമാണ്.

## 3-16 ടാർ ബാരൽ മോഷണം പോയി : തുടർ നടപടികൾ -സമയബന്ധിതമായി സ്വീകരിച്ചില്ല.

പനങ്ങാട് ഗ്രാമപഞ്ചായത്ത് റോഡുകളുടെ ടാറിംഗ് പ്രവൃത്തിക്കായി വട്ടോളി ബസാറിലെ കൃഷിഭവൻ കോമ്പൗണ്ടിൽ സൂക്ഷിച്ചിരുന്ന 5 ബാരൽ ടാർ 15.01.2015 മുതൽ കാണാതായതായി എൽ.എസ്.ജി.ഡി.അസി.എഞ്ചിനീയർ 17.01.2015ലെ AE/PNGD/12/നമ്പർ കത്തു പ്രകാരം സെക്രട്ടറിയെ അറിയിച്ചതായി കാണുന്നു. 2013-14 വർഷത്തെ ടാറിന്റെ സ്റ്റോക്ക് രജിസ്ററർ പ്രകാരം നീക്കിയിരിപ്പുള്ള ടാറാണിത്. ഗ്രാമപഞ്ചായത്തിന്റെ 21.01.2015 ലെ 80 (2) നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 23.01.2015 ലെ എ-3/585/2015 നം.കത്തുപ്രകാരം സെക്രട്ടറി ബാലുശ്ശേരി പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ടുണ്ട്. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 21(1) പ്രകാരം 2001 ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ ചട്ടം 81 പ്രകാരം ഒരു തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ ഏതെങ്കിലും പണാപഹരണമോ പണത്തിന്റെയോ സ്റ്റോഴ്സിന്റെയോ നഷ്ടമോ കണ്ടുപിടിക്കപ്പെട്ടാൽ എക്സിക്യൂട്ടീവ് അതോറിറ്റി ആ വസ്തുത ഉടനെ തന്നെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്കും വകുപ്പിന്റെ കൺട്രോളിംഗ് അതോറിറ്റിക്കും റിപ്പോർട്ട് ചെയ്യേണ്ടതാണ്. എന്നാൽ ടാർ ബാരൽ മോഷണം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഇപ്രകാരം റിപ്പോർട്ട് ചെയ്തിട്ടില്ല. നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിൽ സെക്രട്ടറി ഗുരുതരമായ വീഴ്ച വരുത്തുന്നതായി കാണുന്നു. 17.01.2015 ന് ടാർ ബാരൽ മോഷണം സംബന്ധിച്ച വിവരം കത്തു മുഖേന അസി. എഞ്ചിനീയർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിരുന്നുവെങ്കിലും 23.01.2015 ന് മാത്രമാണ് സെക്രട്ടറി ബാലുശ്ശേരി പോലീസിൽ പരാതി നൽകിയത്. മാത്രമല്ല മേൽ പരാതിയിന്മേൽ അന്വേഷണം നടത്തി നാളിതുവരെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.
ടാർ മോഷണം സംബന്ധിച്ച വിവരം നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ മുഖേന ബന്ധപ്പെട്ട അധികാരികളെ അറിയിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം സെക്രട്ടറിയുടെ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്.

## 3-17 ആയുർവേദ ആശുപത്രിക്ക് മരുന്ന് വിതരണം ചെയ്തതിൽ കാലതാമസം

പ്രോജക്ട് നമ്പർ -78/14-15

വർഷം -2014-15

പ്രോജക്ടിന്റെ പേര് - ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

നിർവഹണം - മെഡിക്കൽ ഓഫീസർ,ആയുർവേദം

അടങ്കൽ - 3,50,000

ചെലവ് - 3,50,000(സംരക്ഷണഗ്രാന്റ് റോഡിതരം)

ബിൽ നമ്പർ,തീയതി - 2/14-15,27.10.2014

മേൽ പ്രോജക്ട് പ്രകാരം തലയാട് ആയുർവേദ ആശുപത്രിക്ക് 3,50,000 രൂപയ്ക്ക് മരുന്ന ഔഷധിയിൽ നിന്നും നേരിട്ട് വാങ്ങി നൽകിയിട്ടുണ്ട്(ഡി.ഡി നം.782135 തീ.27.10.2014).ആവശ്യപ്പെട്ട മരുന്നുകൾ പണം നല്കി 60 ദിവസത്തിനകം വിതരണം ചെയ്യണം എന്ന വ്യവസ്ഥയിൽ 1.11.2014 തീയതിയിൽ നിർവഹണോദ്യോഗസ്ഥൻ ഔഷധിയുമായി കരാർ വച്ചിട്ടുണ്ട്. 60ദിവസത്തിനുള്ളിൽ മരുന്നുകൾ വിതരണം ചെയ്തില്ലെങ്കിൽ ഉണ്ടാകാവുന്ന നഷ്ടം ഔഷധിയിൽ നിന്ന് ഈടാക്കാമെന്നും കരാറിൽ പറയുന്നു. എന്നാൽ ഔഷധി 14 തവണകളായാണ് മുഴുവൻ മരുന്നുകളും ആയുർവേദ ആശുപത്രിക്ക് ലഭ്യമാക്കിയത്. 11.11.2015 തീയതിയിലാണ് ഓർഡർ ചെയ്ത മുഴുവൻ മരുന്നുകളുടെയും വിതരണം പൂർത്തിയാക്കിയത്. 1996 ലെ കേരള പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങളിലെ ചട്ടം 6 (3) പ്രകാരം പഞ്ചായത്തിന് വേണ്ടി ചെയ്യുന്ന കരാറുകളിൽ സാധനങ്ങൾ സംഭരിച്ച് കൊടുക്കുന്നതിന് 1000 രൂപയിൽ കവിയുന്ന ചെലവ് വരികയാണെങ്കിൽ അതിന് വേണ്ടിയുള്ള കരാറുകളിൽ ലഭ്യമാക്കുന്ന സാധനങ്ങളുടെ വിവരം, ഗുണനിലവാരം, സാധനങ്ങൾ ലഭ്യമാക്കേണ്ട അവസാനത്തിയ്യതി എന്നിവ വ്യക്തമായി പറഞ്ഞിരിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത ചട്ടം പാലിച്ചുകൊണ്ടല്ല നിർവഹണോദ്യോഗസ്ഥൻ ഔഷധിയുമായി കരാർ വെച്ചത്. ഇങ്ങനെ മരുന്നുകൾ ലഭ്യമാക്കുന്നതിന് ഒരു വർഷത്തിലധികം കാലതാമസം നേരിട്ടിട്ടും ഔഷധിയിൽ നിന്ന് കരാർ പ്രകാരമുള്ള നഷ്ടപരിഹാരം ഈടാക്കാത്തതിനും ചട്ടപ്രകാരം കരാർ ചമയ്ക്കാത്തതിനും വിശദീകരണം നല്കേണ്ടതാണ്.

## 3-18 ആശ്രയപദ്ധതി- ലഘു അവലോകനം

അഗതി പുനരധിവാസ പദ്ധതി (ആശ്രയ പദ്ധതി 2006-08) എന്ന ഒന്നാം ഘട്ടം ആശ്രയ പദ്ധതി 2007 മുതൽ നടപ്പിലാക്കിവരുന്നു. പദ്ധതി പ്രകാരം ആകെ 181 ഗുണഭോക്താക്കളാണ് ഉണ്ടായിരുന്നത്. 2007 വർഷം 10,00,000/- രൂപ ചാലഞ്ച് ഫണ്ടിനത്തിൽ ലഭിക്കുകയുണ്ടായി. ഈ തുകയിൽ നിന്നു തന്നെയാണ് തുടർ സേവനത്തിനുള്ള ചെലവും നടത്തിവരുന്നത്. ഓഡിറ്റിന് ഹാജരാക്കിയ ലഡ്ജർ പ്രകാരം 2013-14 ലെ മുന്നിരിപ്പ് 5,82,462/-രൂപയും ചെലവ് 2,63,659/-രൂപയും നീക്കിയിരിപ്പ് 3,57,988/-രൂപയുമാണ്.

2014–15ൽ മുൻബാക്കി 3,57,988/-രൂപയും 1,67,952/രൂപ ചെലവും നീക്കിയിരിപ്പ് 1,90,036/-രൂപയുമാണ്. 73 അംഗ ഗുണഭോക്തൃ ലിസ്റ്റിൽ 48കുടുംബങ്ങൾക്ക് സൗജന്യറേഷനും പോഷകാഹാരകിറ്റും വിതരണം ചെയ്യുന്നുണ്ട്. ചികിൽസ, കുടിവെള്ളം തുടങ്ങിയവക്കായി ഓഡിറ്റ് കാലയളവിൽ തുകയൊന്നും ചിലവഴിച്ചിട്ടില്ല.

<u>ആശ്രയ പദ്ധതി -രണ്ടാം ഘട്ടം 2014-17</u>

സ.ഉ (സാധാ)നമ്പർ 84/15 ത.സ്വ.ഭ.വ. തീയ്യതി 09-01-2015 പ്രകാരം പനങ്ങാട് ഗ്രാമ പഞ്ചായത്തിന്റെ രണ്ടാം ഘട്ട ആശ്രയ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകുകയുണ്ടായി. ഇതുപ്രകാരം 60 കുടുംബങ്ങളിലെ 112 ഗുണഭോക്താക്കൾക്ക് 67,49,000/- രൂപയുടെ അടങ്കലും 14,11,060/-ചാലഞ്ച്ഫണ്ടും അംഗീകരിക്കുകയുമുണ്ടായി. രണ്ടാം ഘട്ട നടത്തിപ്പിനായി 82/15 നമ്പർ പ്രൊജക്റ്റ് പ്രകാരം 12,47,504/-രൂപ 26-4-2015ന് സി.ഡി.എസിന് കൈമാറിയിട്ടുണ്ട്.നാളിതുവരെ ഒരു കമ്മിറ്റി രൂപീകരിച്ചതല്ലാതെ മറ്റു പ്രവർത്തനങ്ങൾ ഒന്നും നടത്തിയിട്ടില്ല. 30/11/15 ന് പ്ലാൻഫണ്ടിൽ 1,914 പലിശയുൾപ്പെടെ 12,49,418/-രൂപ നീക്കിയിരിപ്പുണ്ട്. അശരണരും നിരാലംബരുമായ ഗുണഭോക്താക്കൾക്ക് യഥാസമയം സഹായമെത്തിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ആശ്രയ ഗുണഭോക്താക്കൾക്ക് ആവശ്യമായ സേവനങ്ങൾ നൽകുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-19 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - ലഘു അവലോകനം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തെഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് 2013-14 വർഷത്തിൽ 2,94,296/- രൂപ മുൻബാക്കി ഉൾപ്പെടെ ആകെ 3,86,28,108/- രുപ വരവും തൊഴിലാളികളുടെ കൂലി, ജീവനക്കാരുടെ വേതനം, മറ്റു ചെലവുകൾ എന്നീ ഇനങ്ങളിലായി ആകെ 3,85,26,991/- രുപ ചെലവുമുണ്ട്. തൻവർഷം 967 പ്രൊജക്റ്റുകൾ നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്നെങ്കിലും 363 പ്രൊജക്റ്റുകളേ നടപ്പാക്കിയിട്ടുള്ളൂ. ഗ്രാമപഞ്ചായത്തിലെ 8632 കുടുംബങ്ങളിൽ 5733 കുടുംബങ്ങൾ രജിസ്റ്റർ ചെയ്യുകയും 5733 കുടുംബങ്ങൾ പ്രസ്തുത വർഷം തൊഴിൽകാർഡിനായി അപേക്ഷിച്ചതിൽ

അത്രയും തന്നെ കുടുംബങ്ങൾക്ക് തൊഴിൽകാർഡ് നൽകിയിട്ടുമുണ്ട് . തൊഴിൽ ആവശ്യപ്പെട്ട 3896 കുടുംബങ്ങളിൽ 3774കുടുംബങ്ങൾക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. 108 കുടുംബങ്ങൾക്ക് 100 തൊഴിൽദിനങ്ങൾ ലഭ്യമാക്കുകയും ആകെ 2,02,322 തൊഴിൽദിനങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. 2013-14 വർഷത്തിൽ ആസ്തികൾ സൃഷ്ടിക്കുന്ന പ്രവൃത്തികൾക്ക് 13,63,316/-രൂപ ചെലവഴിക്കുയും കലുങ്ക്നിർമ്മാണം, നടപ്പാത നവീകരണം, തോട് സൈഡ് കെട്ടിസംരക്ഷണം എന്നിവയുൾപ്പെടെ ആസ്തികൾ സൃഷ്ടിക്കുന്ന 13 പ്രവൃത്തികൾ ചെയ്തിട്ടുമുണ്ട് .

2014-15 വർഷത്തിൽ 1,01,117/-രൂപ മുൻബാക്കി ഉൾപ്പെടെ ആകെ 3,91,68,893/- രൂപ വരവും തൊഴിലാളികളുടെ കൂലി, ജീവനക്കാരുടെ വേതനം, മറ്റു ചെലവുകൾ എന്നീ ഇനങ്ങളിലായി ആകെ 3,91,64,545/-രൂപ ചെലവുമുണ്ട്. തൻവർഷം 1067 പ്രൊജക്ടുകൾ നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്നെങ്കിലും 324 പ്രൊജക്ടുകൾ മാത്രമേ നടപ്പാക്കിയിട്ടുള്ളൂ. ഗ്രാമപഞ്ചായത്തിലെ 8745 കുടുംബങ്ങളിൽ 6009 കുടുംബങ്ങൾ രജിസ്റ്റർ ചെയ്യുകയും 6009കുടുംബങ്ങൾ പ്രസ്തുത വർഷം തൊഴിൽകാർഡിനായി അപേക്ഷിച്ചതിൽ അത്രയും തന്നെ കുടുംബങ്ങൾക്ക് തൊഴിൽകാർഡ് നൽകിയിട്ടുമുണ്ട്. തൊഴിൽ ആവശ്യപ്പെട്ട 3849കുടുംബങ്ങളിൽ 3715കുടുംബങ്ങൾക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. 598കുടുംബങ്ങൾക്ക് 100 തൊഴിൽദിനങ്ങൾ ലഭ്യമാക്കുകയും ആകെ 171838 തൊഴിൽദിനങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. 2014-15 വർഷത്തിൽ ആസ്തികൾ സൃഷ്ടിക്കുന്ന പ്രവൃത്തികൾക്ക് 4,13,939/-രൂപ ചെലവഴിക്കുയും നടപ്പാത സൈഡ് കെട്ടിസംരക്ഷണം, നടപ്പാതനവീകരണം എന്നിവയുൾപ്പെടെ ആസ്തികൾ സൃഷ്ടിക്കുന്ന രണ്ട് പ്രവൃത്തികൾ ചെയ്തിട്ടുമുണ്ട്.

2013-14 വർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രൊജക്ടുകളിൽ 38 ശതമാനം പ്രൊജക്ടുകളും 2014-15 വർഷം നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്ന പ്രൊജക്ടുകളുടെ 30 ശതമാനം പ്രൊജക്ടുകളും മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. വലിയ അളവിൽ തുക വകയിരുത്തിയാണ് ഓഡിറ്റ് വർഷങ്ങളിൽ പദ്ധതികൾ രൂപീകരിച്ചിരിക്കുന്നത്. എന്നാൽ വിഭാവനം ചെയ്ത പദ്ധതികളിൽ നിർവ്വഹണസാധ്യതയില്ലാത്ത പദ്ധതികളും ഉൾപ്പെടുത്തുന്നത് ശരിയായ നടപടിയല്ല. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും


# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും


## 4-1 തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും കെട്ടിടനിർമ്മാണ ചട്ടങ്ങളും- വിഷയാധിഷ്ഠിത അവലോകനം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 166(1) പ്രകാരമുള്ള മൂന്നാം പട്ടികയിൽ ഗ്രാമപഞ്ചായത്തുകളുടെ ചുമതലകൾ ഇനം തിരിച്ച് പറഞ്ഞിട്ടുണ്ട്. പ്രസ്തുത പട്ടിക പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഒന്നാമത്തെ അനിവാര്യ ചുമതല കെട്ടിടനിർമ്മാണം നിയന്ത്രിക്കുക എന്നുള്ളതാണ്. പഞ്ചായത്ത് രാജ് നിയമത്തിലെ 235ാം വകുപ്പ്, 2008ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 14ാം വകുപ്പ്, 2011ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2011 ലെ തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനം, 2014ലെ കേരള കെട്ടിട നിർമ്മാണ (അനധികൃത നിർമ്മിതികളുടെ ക്രമവൽക്കരണം) ചട്ടങ്ങൾ, കാലാകാലങ്ങളിലായി ഈ വിഷയത്തെ സംബന്ധിച്ച് പുറപ്പെടുവിക്കപ്പെട്ടിട്ടുള്ള സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ എന്നിവയാണ് നിലവിൽ ഗ്രാമപ്രദേശങ്ങളിലെ കെട്ടിട നിർമ്മാണങ്ങളെ നിയന്ത്രിക്കുന്നതിനുള്ള അടിസ്ഥാന പ്രമാണങ്ങൾ.

പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2013-14, 2014-15 വർഷത്തെ ഓഡിറ്റിനോടൊപ്പം ഗ്രാമപഞ്ചായത്തിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ നടപ്പാക്കിയത് സംബന്ധിച്ച കാര്യങ്ങൾ കൂടി പരിശോധിക്കുകയുണ്ടായി. ആയതു സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

**കാറ്റഗറി**

2011ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ (കെ.പി.ബി.ആർ, 2011) ചട്ടം 3ഡി യിൽ നിർദ്ദേശിച്ച പ്രകാരം കൂടുതൽ നിയന്ത്രണങ്ങൾ ആവശ്യപ്പെടുന്ന തരത്തിലുള്ള പ്രത്യേകതകളുള്ളതും നഗരവൽക്കരണത്തിന് സാധ്യതയുള്ളതുമായ പ്രദേശം എന്ന നിലയിൽ പനങ്ങാടിനെ കാറ്റഗറി-1 ഗ്രാമപഞ്ചായത്തായാണ് വിജ്ഞാപനം ചെയ്തിരിക്കുന്നത് [ജി.ഒ (എം.എസ്) നം.64 /2011 /ത.സ്വ.ഭ.വ തിയതി 26.02.2011, കോഴിക്കോട് ജില്ല, ക്രമ നമ്പർ 34 ].

തീരദേശമല്ലാത്തതിനാൽ 2011 ലെ തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനത്തിലെ വ്യവസ്ഥകൾ പനങ്ങാട് ഗ്രാമപഞ്ചായത്തായത്തിലെ കെട്ടിട നിർമ്മാണങ്ങൾക്ക് ബാധകമല്ല.

**<u>കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകളും അനുമതിയും</u>**

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരാൾ കുടിൽ അല്ലാതെയുള്ള ഏതൊരു കെട്ടിടവും നിർമ്മിക്കുവാനോ പുനർനിർമ്മിക്കുവാനോ നിർമ്മാണത്തിൽ മാറ്റം വരുത്തുവാനോ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ബന്ധപ്പെട്ട രേഖകൾ സഹിതം സെക്രട്ടറിക്ക് രേഖാമൂലം അപേക്ഷ സമർപ്പിക്കേണ്ടതാണ് [ പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235 എഫ്; കെ.പി.ബി .ആർ 2011, ചട്ടം 7]. ഇപ്രകാരം സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ നിയമാനുസൃതവും മറ്റു ന്യൂനതകൾ ഇല്ലാത്തതുമാണെങ്കിൽ അവ ലഭിച്ച് 30 ദിവസത്തിനകം സെക്രട്ടറി രേഖാമൂലമായ ഒരു ഉത്തരവ് വഴി നിർമ്മാണത്തിന് അനുമതി നൽകുകയോ മതിയായ കാരണങ്ങളുണ്ടെങ്കിൽ നിരസിക്കുകയോ ചെയ്യേണ്ടതും അക്കാര്യം അപേക്ഷകനെ അറിയിക്കേണ്ടതുമാണ് [കെ.പി.ബി .ആർ 2011, ചട്ടം 14 & 15]. കൂടാതെ അപേക്ഷയിൽ തീരുമാനമെടുക്കാൻ കൂടുതൽ വിവരങ്ങൾ ആവശ്യമാണെങ്കിൽ അപേക്ഷ ലഭിച്ച് 10 ദിവസത്തിനുള്ളിൽ സെക്രട്ടറി പ്രസ്തുത വിവരം അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതാണ് [ കെ.പി.ബി .ആർ 2011, ചട്ടം 11(5) ]. കഴിഞ്ഞ രണ്ടു വർഷത്തിനിടെ ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്തിൽ ലഭിച്ച കെട്ടിട നിർമാണ അനുമതിക്കുള്ള അപേക്ഷകളും അവയിൽ സ്വീകരിച്ച നടപടികളും സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ലഭിച്ച ആകെ അപേക്ഷകൾ | ചട്ടപ്രകാരം സമയത്തിനുള്ളിൽ തീർപ്പാക്കിയവ | സമയപരിധി കഴിഞ്ഞ് തീർപ്പാക്കിയവ | നിരസിച്ച അപേക്ഷകൾ | സമയപരിധിക്കുള്ളിൽ തീർപ്പാക്കിയവയുടെ ശതമാനം |
|---|---|---|---|---|---|
| 2013-14 | 516 | 279 | 235 | 2 | 54.45 |
| 2014-15 | 313 | 203 | 106 | 4 | 66.13 |

അപേക്ഷകളുടെ സൂക്ഷ്മപരിശോധനാ സമയത്ത് ശ്രദ്ധയിൽപ്പെടുന്ന ന്യൂനതകൾ സംബന്ധിച്ച് അപേക്ഷകനെ വിവരമറിയിക്കേണ്ടി വരുന്നതും തുടർന്ന് അപേക്ഷകരിൽ നിന്ന് ന്യൂനതകൾ പരിഹരിച്ച് കിട്ടുന്നതിനുള്ള കാലതാമസവും മൂലമാണ് പ്രധാനമായും ചട്ടപ്രകാരമുള്ള സമയപരിധിക്കകം അപേക്ഷകളിൻമേൽ തീരുമാനമെടുക്കാൻ സാധിക്കാതെ വരുന്നത് . നഞ്ച, നിലം പ്രദേശങ്ങളിൽ കെട്ടിട നിർമ്മാണാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിൽ പ്രാദേശികതല നിരീക്ഷണ സമിതിയിൽ നിന്നുള്ള ശുപാർശ ലഭിക്കുന്നതിന് സമയമെടുക്കുന്നതും കാലതാമസത്തിന് ഇടയാക്കുന്നുണ്ട്. അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിന് കൂടുതൽ വിവരങ്ങൾ ആവശ്യമായ സംഗതികളിൽ പ്രസ്തുത വിവരം അപേക്ഷകനെ അറിയിക്കുന്ന കാര്യത്തിലും ചട്ടപ്രകാരമുള്ള 10 ദിവസ കാലാവധി പലപ്പോഴും പാലിക്കപ്പെടുന്നില്ല. അപക്ഷകളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ചട്ടപ്രകാരമുള്ള കാലപരിധി പാലിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

നിരസിച്ച അപേക്ഷകളെല്ലാം തന്നെ നഞ്ച, നിലം പ്രദേശങ്ങളിലുള്ള കെട്ടിട നിർമ്മാണാനുമതിയുമായി ബന്ധപ്പട്ടവയാണ്. ഗ്രാമപഞ്ചായത്ത് കെട്ടിട നിർമ്മാണാനുമതി നിരസിച്ചവയിൽ ഒന്നിനും തന്നെ പിന്നീട് സർക്കാരിൽ നിന്ന് പ്രത്യേകാനുമതി ലഭിച്ചിട്ടില്ല. അപേക്ഷകളിൻമേൽ ചട്ടപ്രകാരമുള്ള പെർമ്മിറ്റ് ഫീ ഈടാക്കുന്നുണ്ട്. കുറഞ്ഞ വിസ്തീർണ്ണമുള്ള പ്ലോട്ടുകളിൽ നിർമ്മാണത്തിനുള്ള അപേക്ഷകൾ കുറവായതിനാലും ബഹുനിലക്കെട്ടിടങ്ങളുടെ നിർമ്മാണാനുമതിക്കായുള്ള അപേക്ഷകളില്ലാത്തതിനാലും കവറേജ് വ്യവസ്ഥകളുടെ ലംഘനം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ചട്ടപ്രകാരമുള്ള 3 വർഷ പെർമിററ് കാലാവധിക്കുള്ളിൽ തന്നെ മിക്ക അപേക്ഷകരും നിർമ്മാണം പൂർത്തിയാക്കുന്നുണ്ട്. പൂർത്തിയാക്കാത്തവയുടെ കാര്യത്തിൽ പെർമ്മിറ്റ് കാലാവധിക്കുള്ളിൽ ലഭിക്കുന്ന അപേക്ഷകളിൽ ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കി 2 തവണ വരെ കാലാവധി കൂട്ടി നൽകുന്നുണ്ട്.

കെ.പി.ബി.ആർ 2011, ചട്ടം 7(1എ) പ്രകാരം സ്ഥാപനത്തിൽ ഇ-ഫയലിങ്ങ് സംവിധാനം പ്രാബല്യത്തിലുള്ള പക്ഷം കെട്ടിടനിർമ്മാണാനുമതിക്കായുള്ള അപേക്ഷകൾ ഇ-ഫയലിങ്ങ് വഴിയും സമർപ്പാക്കാവുന്നതാണ്. പനങ്ങാട് ഗ്രാമപഞ്ചായത്തിൽ ഈ സംവിധാനം നിലവിലുണ്ടെങ്കിലും അപേക്ഷകർ ഇപ്പോഴും പെർമ്മിറ്റ് അപേക്ഷകൾ

നേരിട്ടുതന്നെയാണ് നൽകുന്നത്. കെട്ടിടനിർമ്മാണ പെർമ്മിറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട ജോലികൾക്കായി ഐ.കെ.എം വികസിപ്പിച്ച 'സങ്കേത' എന്ന സോഫ്റ്റ് വെയർ പഞ്ചായത്തിൽ ഇൻസ്റ്റാൾ ചെയ്തിട്ടുണ്ടെങ്കിലും ആയത് വഴിയല്ല നിലവിൽ പെർമിററ് നൽകികൊണ്ടിരിക്കുന്നത്.

<u>നിർമ്മാണങ്ങളുടെ പൂർത്തീകരണവും തുടർനടപടികളും</u>

അനുവദിക്കപ്പെട്ട പെർമ്മിറ്റ് പ്രകാരമുള്ള നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞാൽ ഉടമ ആയത് സംബന്ധിച്ച ഒരു പൂർത്തീകരണ സർട്ടിഫിക്കറ്റ് സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതും [കെ.പി.ബി.ആർ 2011, ചട്ടം 25(1)], നിർമ്മാണം ചട്ടങ്ങൾക്കനുസൃതമാണെന്ന് ബോധ്യപ്പെട്ടാൽ പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിച്ച് 15 ദിവസത്തിനകം സെക്രട്ടറി കൈവശാവകാശ (ഒക്യുപ്പെൻസി) സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ് [ചട്ടം 25(3)]. കഴിഞ്ഞ രണ്ടു വർഷത്തിനിടെ ചട്ടം 25(1) പ്രകാരം ലഭിച്ച പൂർത്തീകരണ സർട്ടിഫിക്കറ്റുകളും അവയിൽ സ്വീകരിച്ച നടപടികളും സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | പൂർത്തീകരണ സർട്ടിഫിക്കറ്റുകളുടെ എണ്ണം | ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകിയവ | ചട്ടപ്രകാരമുള്ള സമയപരിധി കഴിഞ്ഞ് സർട്ടിഫിക്കറ്റ് നൽകിയവ | സമയപരിധിക്കുള്ളിൽ സർട്ടിഫിക്കറ്റ് നൽകിയവയുടെ ശതമാനം |
|---|---|---|---|---|
| 2013-14 | 163 | 114 | 49 | 69.93 |
| 2014-15 | 192 | 134 | 58 | 69.79 |

ചട്ടപ്രകാരമുള്ള സമയപരിധിക്കകം നടപടികൾ പൂർത്തീകരിക്കാൻ ആവശ്യമായ ജീവനക്കാർ ഇല്ലാത്തതും, ഉള്ള ജീവനക്കാർക്ക് മറ്റു ജോലികളുടെ ആധിക്യമുള്ളതുമാണ് കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിനും, കെട്ടിട നമ്പർ നൽകി നികുതി ചുമത്തുന്നതിനും കാലതാമസം ഏർപ്പെടുന്നതിന് പ്രധാന കാരണം.

ഗ്രാമപഞ്ചായത്തിലെ 16ാം വാർഡിൽ പനങ്ങാട് വില്ലേജ്, റീ.സ 134/2 ൽ വില്ലേജ് റിക്കാർഡ് പ്രകാരം നിലമായ സ്ഥലത്ത് വാസഗൃഹത്തിനായി ശ്രീ കെ.കെ. നാരായണൻ, കൊല്ലൻകണ്ടി എന്നയാൾക്ക് 20.06.2011 ലെ 9635/11-12 നമ്പറായി നിർമ്മാണാനുമതി നൽകിയിരുന്നു. എന്നാൽ പൂർത്തീകരണ സർട്ടിഫിക്കറ്റിനോടൊപ്പം ഇദ്ദേഹം സമർപ്പിച്ച അപേക്ഷയിൽ വാസഗൃഹത്തിനായി നൽകിയ പെർമ്മിറ്റ് പ്രകാരം നിർമ്മിച്ച കെട്ടിടത്തിൽ ചായക്കച്ചവടം നടത്താനാണ് ഉദ്ദേശിക്കുന്നതെന്നും, ആയതിനാൽ കെട്ടിടം വാണിജ്യാവശ്യത്തിനുള്ളതായി പരിഗണിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. തരം മാറ്റിയ സ്ഥലത്ത് വാസഗൃഹത്തിനല്ലാതെയുള്ള കെട്ടിടങ്ങൾക്ക് നമ്പർ നൽകാനാവാത്തതിനാൽ പ്രസ്തുത ആവശ്യം ഗ്രാമപഞ്ചായത്ത് നിരസിച്ചെങ്കിലും കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം നിലവിൽ തോട്ടമാണെന്ന് കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിലുള്ള 21.06.2013 ലെ 29667/ആർ.ബി3/2013/തസ്വഭവ നമ്പർ സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന് നമ്പർ അനുവദിച്ചിട്ടുണ്ട്.

<u>പെർമ്മിറ്റില്ലാത്ത നിർമ്മാണങ്ങളുടെ ക്രമവൽക്കരണം</u>

പെർമ്മിറ്റില്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ ക്രമവൽക്കരിച്ചു കിട്ടുന്നതിനായി കെ.പി.ബി.ആർ 2011, ചട്ടം 135 പ്രകാരം കഴിഞ്ഞ രണ്ടു വർഷത്തിനിടെ ലഭിച്ച അപേക്ഷകൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു,

| വർഷം | ലഭിച്ച ക്രമവൽക്കരണ അപേക്ഷകളുടെ എണ്ണം | ക്രമവൽകരിച്ചത് | നിരസിച്ചത് | ലഭിച്ച പൂർത്തീകരണ സർട്ടിഫിക്കറ്റുകളുടെ എണ്ണം |
|---|---|---|---|---|
| 2013-14 | 60 | 60 | -- | 163 |
| 2014- | 90 | 90 | -- | 192 |

| 15 | | | | |
|---|---|---|---|---|

ക്രമവൽക്കരണത്തിന് ലഭിച്ച അപേക്ഷകളൊന്നും തന്നെ നിരസിച്ചിട്ടില്ല. ചട്ടപ്രകാരമുള്ള അപേക്ഷ ഫീസും രാജിയാക്കൽ ഫീസും ഈടാക്കിയാണ് അനധികൃത നിർമ്മിതികൾ ക്രമവൽകരിച്ച് നൽകുന്നത്. 2013-14 വർഷത്തിൽ ലഭിച്ച ചട്ടപ്രകാരമുള്ള പൂർത്തീകരണ സർട്ടിഫിക്കറ്റുകളുടെ 36 ശതമാനത്തോളം ക്രമവൽക്കരണ അപേക്ഷൾ ലഭിച്ചിട്ടുണ്ട്. 2014-15 വർഷത്തിൽ ഇത് 46 ശതമാനമായി വർദ്ധിച്ചു. ഗ്രാമപഞ്ചായത്തിൽ അനധികൃത നിർമ്മാണം വർദ്ധിച്ചു വരുന്നതായാണ് ഇതിൽ നിന്ന് മനസ്സിലാവുന്നത്. ഈ പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതും അനധികൃത നിർമ്മാണം കണ്ടെത്തുന്നതിനും തടയുന്നതിനുമുള്ള കർശന നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**<u>നഞ്ച നിലങ്ങളിലുള്ള കെട്ടിട നിർമാണം</u>**

ഗ്രാമപഞ്ചായത്തിലെ പനങ്ങാട്, കിനാലൂർ വില്ലേജുകളിൽ നഞ്ച നിലങ്ങളുണ്ട്. 2008 ലെ കേരള നെൽവയൽ - തണ്ണീർതട സംരക്ഷണ നിയമത്തിലെ 5(1) വകുപ്പ് പ്രകാരമുള്ള പ്രാദേശികതല നിരീക്ഷണസമിതി പഞ്ചായത്തിൽ രൂപീകരിച്ചിട്ടുണ്ട്. ഈ സമിതിയുടെ ശുപാർശ പ്രകാരമാണ് നഞ്ച നിലങ്ങളിൽ നിർമ്മാണാനുമതിക്കു വേണ്ടിയുള്ള അപേക്ഷകളിൽ തീരുമാനമെടുക്കുന്നത്. സമിതി യോഗം ചേരുന്നതിനുള്ള കാലതാമസം നഞ്ച നിലങ്ങളിൽ നിർമ്മാണാനുമതിക്കു വേണ്ടിയുള്ള അപേക്ഷകൾ ചട്ടപ്രകാരമുള്ള സമയപരിധിക്കകം തീർപ്പാക്കുന്നതിന് തടസ്സമാകുന്നുണ്ട്. ഉദാഹരണമായി 18.09.2014ന് ശേഷം സമിതി യോഗം ചേർന്നത് 01.01.2015 നാണ് (ഇടവേള 3 മാസവും 14 ദിവസവും). ഈ സമയത്തിനുള്ളിൽ റഫർ ചെയ്ത 21 അപേക്ഷകളും നിർമ്മാണാനുമതി നൽകാവുന്നവയാണ് എന്നായിരുന്നു സമിതി ശുപാർശ. എന്നാൽ പ്രസ്തുത ശുപാർശ ലഭിക്കുമ്പോഴേക്കും പലതിലും പെർമ്മിറ്റ് നൽകുന്നതിന് ചട്ടപ്രകാരമുള്ള 30 ദിവസ പരിധി കഴിഞ്ഞിരുന്നു. അപേക്ഷകളിൽ തീരുമാനമെടുക്കാൻ തടസ്സമാവാത്തവണ്ണം പ്രാദേശികതല നിരീക്ഷണസമിതി യഥാസമയം യോഗം ചേരുവാൻ ശ്രദ്ധിക്കേണ്ടതാണ്. നെൽവയൽ -തണ്ണീർതട സംരക്ഷണ നിയമത്തിലെ വകുപ്പ് 5(4)(i) ൽ നിർദ്ദേശിച്ച പ്രകാരമുള്ള നെൽവയലിന്റെയും തണ്ണീർതടങ്ങളുടെയും ഡേറ്റാ ബാങ്ക് തയ്യാറാക്കി പഞ്ചായത്ത് ഇതുവരെ വിജ്ഞാപനം ചെയ്തിട്ടില്ല.

**<u>രജിസ്റ്ററുകളുടെ സൂക്ഷിപ്പ്</u>**

കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷാ രജിസ്റ്റർ, ന്യൂ ബിൽഡിംഗ് രജിസ്റ്റർ എന്നിങ്ങനെ രണ്ട് രജിസ്റ്ററുകളാണ് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ളത്. കെട്ടിട നിർമ്മാണ പെർമ്മിറ്റിനുള്ള അപേക്ഷ ലഭിക്കുന്നതു മുതൽ നിർമ്മാണം പൂർത്തിയാക്കി നികുതി അസ്സസ്സ്മെന്റ് നമ്പർ ചേർക്കുന്നതുവരെയുള്ള വിവരങ്ങൾ ലഭ്യമാകുന്ന കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷാ രജിസ്റ്ററിലെ എല്ലാ കോളങ്ങളും പൂരിപ്പിക്കുന്നില്ല. ഇതു മൂലം പൂർത്തീകരണ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്ന മുറക്ക് കെട്ടിട നമ്പർ നൽകി നികുതി യഥാകാലം നികുതി ചുമത്തപ്പെടുന്നുണ്ടോ എന്നത് ഉറപ്പുവരുത്താൻ പ്രയാസമാണ്. കെ.പി.ബി.ആർ 2011, ചട്ടം 137(3) പ്രകാരം അനുബന്ധം - ജെ ഫോറത്തിൽ സൂക്ഷിക്കേണ്ട റഗുലറൈസ് ചെയ്ത കെട്ടിടങ്ങളെ സംബന്ധിച്ച പ്രത്യേക റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷാ രജിസ്റ്ററിൽ തന്നെ റഗുലറൈസേഷൻ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്. റഗുലറൈസേഷൻ സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷാ രജിസ്റ്ററിന്റെ സൂക്ഷിപ്പ് കുറ്റമറ്റതാക്കേണ്ടതുമാണ്

**<u>കേസുകൾ</u>**

ലഭ്യമാക്കിയ ഫയലുകൾ പ്രകാരം കെട്ടിടനിർമ്മാണാനുമതിയുമായി ബന്ധപ്പെട്ട് പനങ്ങാട് ഗ്രാമപഞ്ചായത്ത് കക്ഷിയായി ബഹു ഹൈക്കോടതി മുൻപാകെ 3 കേസുകൾ നിലവിലുണ്ട്.

| ക്രമ നമ്പർ | കേസ് നമ്പർ | അന്യായക്കാരൻ |
|---|---|---|
| 1 | ഡബ്ല്യൂ.പി.സി 30767/2015 | അബ്ദുള്ള & ജമീല |
| 2 | ഡബ്ല്യൂ.പി.സി 33343/2015 | ദാമോദരൻ നായർ, കണ്ണാടിപ്പൊയിൽ |
| 3 | ലഭിച്ചിട്ടില്ല | മണപ്പാടി വീട്ടിൽ കുമാരൻ, പനങ്ങാട് |

ക്രമ നമ്പർ 1,2 എന്നിവ പ്രകാരമുള്ള കേസുകൾ നഞ്ച പ്രദേശത്തുള്ള കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ടുള്ളതാണ്. ക്രമ നമ്പർ 3 ലേത് പഞ്ചായത്ത് നൽകിയ കെട്ടിട നിർമ്മാണ പെർമ്മിറ്റിൽ നിന്ന് വ്യത്യസ്തമായി കെട്ടിടനിർമ്മാണം നടത്തിയതിനെതുടർന്ന് പഞ്ചായത്ത് നൽകിയ പൊളിച്ചുമാറ്റൽ ഉത്തരവിനെതിരെ കക്ഷി ഫയൽ ചെയ്തിട്ടുള്ളതാണ്.

**<u>മൊബൈൽ ടവറുകൾ</u>**

ഗ്രാമപഞ്ചായത്തിൽ നാളിതുവരെ ഒൻപത് മൊബൈൽ ടവറുകൾക്ക് നിർമ്മാണാനുമതി നൽകിയിട്ടുണ്ട്.

| | | | | | |
|---|---|---|---|---|---|
| വാർഡ് നമ്പർ | 3 | 4 | 6 | 10 | 11 |
| അനുമതി നൽകിയ ടവറുകളുടെ എണ്ണം | 5 | 1 | 1 | 1 | 1 |

ഏറ്റവും അവസാനമായി ബി.എൽ-227/15-16 നമ്പറായി വാർഡ് 3ൽ കിനാലൂർ വില്ലേജ്, റീ.സ118ൽപ്പെട്ട ഭൂമിയിൽ ഇൻഡസ് ടവേർസ് ലിമിറ്റഡ്, കൊച്ചിൻ എന്ന സ്ഥാപനത്തിനാണ് അനുമതി നൽകിയിരിക്കുന്നത്. ഈ ഫയൽ മാത്രമേ പരിശോധനയ്ക്ക് ലഭിച്ചിട്ടുള്ളൂ. കെ.പി.ബി.ആർ, 2011 ചട്ടം 130(4) പ്രകാരം 1,000/- രൂപ അപേക്ഷാ ഫീസും 10,000/- രൂപ പെർമ്മിറ്റ് ഫീസും ഈടാക്കിയും ചട്ടപ്രകാരമുള്ള മറ്റു വ്യവസ്ഥകൾ ഉറപ്പുവരുത്തിയുമാണ് പെർമ്മിറ്റ് നൽകിയിരിക്കുന്നത്. എന്നാൽ ചട്ടം 131(6) ൽ നിഷ്കർഷിച്ച പ്രകാരം അപേക്ഷ ലഭിച്ച് 30 ദിവസത്തിനുള്ളിൽ പെർമ്മിറ്റ് നൽകിയിട്ടില്ല. (അപേക്ഷ ലഭിച്ച തീയതി - 05.08.2015, പെർമ്മിറ്റ് നൽകിയ തീയതി 22.09.2015). ഈ ടവർ നിർമ്മാണത്തിനെതിരെ 152 പേർ ഒപ്പിട്ട ഒരു പരാതി 06.10.2015ന് പഞ്ചായത്തിൽ ലഭിച്ചിട്ടുണ്ട്. ടവർ നിർമ്മാണത്തിന് നിർദ്ദേശിക്കപ്പെട്ട സ്ഥലം സംബന്ധിച്ച് പരാതിയുള്ള പക്ഷം ഭരണസമിതിയുടെ നേതൃത്വത്തിൽ ടവർനിർമ്മാതാക്കളെയും, നിർദ്ദിഷ്ട ടവറിന്റെ 100 മീറ്റർ ചുറ്റളവിൽ താമസിക്കുന്ന പരാതിക്കാരെയും പങ്കെടുപ്പിച്ച് ചർച്ച നടത്തി പരിഹാരം കണ്ടെത്തേണ്ടതും ആവശ്യമെങ്കിൽ അനുയോജ്യമായ മറ്റൊരു സ്ഥലം കണ്ടെത്തേണ്ടതുമാണ് എന്ന് 25070/ആർ.ഡി.2/2011/ത.സ്വ.ഭ.വ/16.15.2011, 73816/ആർ.ഡി.3/12/ത.സ്വ.ഭ.വ / 07.03.2013 എന്നീ സർക്കുലറികളിലൂടെ സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതാണെങ്കിലും മേൽ പരാതി സംബന്ധിച്ച് ഇത്തരത്തിലുള്ള ഒരു നടപടിയും ഇതു വരെ ഉണ്ടായിട്ടില്ല. സർക്കുലറുകളിൽ നിർദ്ദേശിച്ച പ്രകാരം പരാതി തീർപ്പാക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്

**<u>റോഡ് ലിസ്റ്റ്</u>**

ദേശീയപാതകൾ, സംസ്ഥാനപാതകൾ, ജില്ലാ റോഡുകൾ എന്നിവയ്ക്കു പുറമെ ഗ്രാമ പഞ്ചായത്തിലെ ഓരോ റോഡന്റെയും പ്രാധാന്യം, വികസന സാധ്യത, ജന-വാഹന സാന്ദ്രത, നിലവിലുള്ള നീളം, വീതി തുടങ്ങിയ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണത്തിന് 3 മീറ്റർ ദൂരപരിധി ബാധകമാക്കേണ്ട റോഡുകളും പൊതുവഴികളും ഏതെല്ലാമായിരിക്കണമെന്ന് ഗ്രാമപഞ്ചായത്ത് യോഗം ചേർന്ന് നിശ്ചയിക്കണമെന്നും അപ്രകാരം തയായറാക്കുന്ന ' റോഡ് ലിസ്റ്റ് ' പൊതുജനങ്ങളുടെ അറിവിലേക്കായി വിജ്ഞാപനം ചെയ്യണമെന്നും 16.04.2007ലെ 15018/സി1/97/ത.ഭ.വ നമ്പർ സർക്കുലറിൽ സർക്കാർ നിർദ്ദേശിച്ചിരുന്നു. ഇത്തരത്തിൽ പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുള്ള റോഡുകളുടെ വശങ്ങളിലുള്ള കെട്ടിടങ്ങളും തെരുവതിരും തമ്മിൽ ചുരുങ്ങിയത് 3 മീറ്ററെങ്കിലും അകലം ഉണ്ടായിരിക്കണമെന്ന് കെ.പി.ബി.ആർ, 2011 ചട്ടം 28 ൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ കാറ്റഗറി-1ൽ ഉൾപ്പടുന്നതായിരുന്നിട്ടുപോലും പനങ്ങാട് ഗ്രാമപഞ്ചായത്ത് ഇതുവരെ റോഡ് ലിസ്റ്റ് തയ്യാറാക്കി വിജ്ഞാപനം ചെയ്തിട്ടില്ല. ഇത് 3 മീറ്റർ ദൂരപരിധി ബാധമാക്കാതെ നിർമ്മാണാനുമതി നൽകപ്പെടുന്ന കെട്ടിടങ്ങളോട് ചേർന്നുള്ള റോഡുകളുടെ ഭാവി വികസനത്തിന് വളരെയധികം പ്രയാസങ്ങൾ സൃഷ്ടിക്കും. റോഡ് ലിസ്റ്റ് തയ്യാറാക്കി വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടില്ലാത്ത റോഡാണെങ്കിൽ പോലും 7 മീറ്റർ വരെ ഉയരമുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ കെട്ടിടവും തെരുവതിരും തമ്മിൽ ചുരുങ്ങിയത് 2 മീറ്ററും, 7 മീറ്ററിൽ അധികം ഉയരമുള്ളവയുടെ കാര്യത്തിൽ ചുരുങ്ങിയത് 3 മീറ്ററും അകലം ഉണ്ടായിരിക്കേണ്ടതാണ് [കെ.പി.ബി.ആർ, 2011 ചട്ടം 28(1)]. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ സഹായത്തോട് കൂടി അളന്നു നോക്കിയതിൽ പനങ്ങാട് ഗ്രാമപഞ്ചായത്തിലെ പ്രധാനപ്പെട്ട റോഡായ അറപ്പീടിക – തലയാട് റോഡിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന ഗ്രാമപഞ്ചായത്ത് കാര്യാലയവും തെരുവതിരും തമ്മിൽ 1.65 മീറ്റർ അകലം മാത്രമേയുള്ളൂ എന്ന് കണ്ടു. ഏകദേശം 7 സെന്റ് വിസ്തൃതിയുള്ള പ്ലോട്ടിൽ സ്ഥിതിചെയ്യുന്ന മൂന്നു നില കെട്ടിടത്തിലാണ് ഗ്രാമപഞ്ചായത്ത് കാര്യാലയം പ്രവർത്തിക്കുന്നത്. കെട്ടിടത്തിന്റെ തറവിസ്തീർണ്ണാനുപാതം പരിശോധിക്കുന്നതിനായി പ്ലാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമായിട്ടില്ല.

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഓഡിറ്റ് വർഷം സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളെയും അവയുടെ വിനിയോഗത്തെയും സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| **2013-14** | | | | |
| ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 5,00,000 | കുറുമ്പൊയിൽ കാപ്പിക്കുന്ന് റോഡ് | 5,00,000 | - |
| | 15,00,000 | ഇ.എം.എസ് ഭവന പദ്ധതി | 5,30,000 | 9,70,000 |
| കോഴിക്കാട് ജില്ലാ പഞ്ചായത്ത് | 3,00,000 | അംഗൻവാടി കെട്ടിടനിർമ്മാണ | 3,00,000 | - |
| | 15,00,000 | മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കെട്ടിടനിർമ്മാണ | -- | 15,00,000 |
| **2014-15** | | | | |
| ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 49,500 | നെൽകൃഷി വികസനം | 49,500 | - |
| കോഴിക്കാട് ജില്ലാ പഞ്ചായത്ത് | 82500 | | 82,500 | -- |
| | 2,00,000 | കാപ്പിക്കുന്ന് കോളനി നടപ്പാത | -- | 2,00,000 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| **2013-14** | | | | | |
| കേരള വാട്ടർ അതോറിറ്റി | നിർമ്മല്ലൂർ വാഴോറമല കുടിവെള്ള പദ്ധതി | 44/13-14 / 31.01.2014 | 2,52,500 | -- | 2,52,500 |
| | | 54/13-14 / 12.03.2014 | 6,82,500 | -- | 6,82,500 |
| ഭൂഗർഭജല വകുപ്പ് | ചേനാട്ട്കണ്ടി കുടിവെള്ള പദ്ധതി | 21300969/ 31.01.2014 | 3,80,000 | -- | 3,80,000 |
| കെ.എസ്.ഇ.ബി | സമ്പൂർണ്ണ വൈദ്യുതീകരണം | 21300968/ 31.01.2014 | 10,15,231 | -- | 10,15,231 |

| 2014-15 | | | | | |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | നിർമ്മല്ലൂർ വാഴോറമല കുടിവെള്ള പദ്ധതി | 25/14-15 / 15.11.2014 | 36,92,500 | -- | 36,92,500 |
| | | 44/14-15 / 30.03.2015 | 7,00,000 | -- | 7,00,000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2013-14 വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് 2,87,500/- രൂപയും 2014-15 വർഷം 12,47,500/- രൂപയും നൽകിയിട്ടുണ്ട്. അതിൽ ഓഡിറ്റ് വർഷാവസാനത്തിലും പ്രവൃത്തി പൂർത്തിയാക്കി ഫൈനൽബില്ല് നൽകാത്തതിന്റെ വിവരം താഴെ കാണിക്കുന്നു.

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| 1 | ശ്രീ എൻ.ജി സതീഷ് | വയലട ശിശുമന്ദിരം അറ്റകുറ്റപ്പണികൾ | നം. 29/14-15 തീയതി 23.02.2015 | 60,000 | -- | 60,000 |

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ / തിയ്യതി | സാമ്പത്തിക വർഷം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതിക്ക വേണ്ടിയുള്ള വായ്പ | ജി.ഒ (എം.എസ്) 533/2010/ തസ്വഭവ തിയതി 18.02.2010 | 2013-14 | 1,40,34,714 | 27,23,334 | 7,08,094 | 1,13,11,380 |
| | | 2014-15 | 1,13,11,380 | 41,80,500 | -- | 71,30,880 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| സാമ്പത്തിക വർഷം | 2013-14 | 2014-15 |
|---|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,88,821 | 2,08,647 |
| തൻവർഷം നിക്ഷേപിച്ച തുക | 19,826 | 25,20,865 |
| ആകെ | 2,08,647 | 27,29,512 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2,08,647 | 27,29,512 |

തൻവർഷം നിക്ഷേപിച്ച തുകകളിൽ 2013-14 ലെ 19,826/- രൂപയും 2014-15 ലെ 20,865/- രൂപയും പലിശയുടെ പുനർനിക്ഷേപമാണ്.

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| എഫ്.ഡി നം. 17995/25.02.2015, പനങ്ങാട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, വട്ടോളി ശാഖ | 2,29,512 |
| എഫ്.ഡി നം. 741587/25.02.2015, കാനറാ ബാങ്ക്, ബാലുശ്ശേരി ശാഖ | 25,00,000 |
| ആകെ | 27,29,512 |

(സ്ഥിരനിക്ഷേപത്തിലെ അപാകത സംബന്ധിച്ച ഭാഗം 3 ലെ 3-10 നമ്പർ ഖണ്ഡിക കാണുക)

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ 2013-14വർഷം ലഭിച്ച 7450/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. ഈയിനത്തിൽ 2014-15 വർഷത്തിൽ വരവൊന്നുമില്ല.

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2010-11 | 3-1 | 2,150 | ലഭ്യമല്ല | 11302100743 / 18.05.2013 |
| 2009-10 | 2-6(2) | 5,300 | ലഭ്യമല്ല | 11302103787 / 03.12.2013 |
| ആകെ | | 7,450 | | |

ഓഡിറ്റ് റിക്കവറി സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ തുക ഒടുക്കിയവരുടെ പേരുവിവരം ലഭ്യമായിട്ടില്ല. ഓഡിറ്റ് റിക്കവറി സംബന്ധിച്ചുള്ള സാംഖ്യ ലെഡ്ജറിലെ വിവരങ്ങളാണ് പട്ടികയിൽ കാണിച്ചിരിക്കുന്നത്. 2013-14 ലെ വാർഷികക്കണക്കിൽ 8,439 രൂപയും 2014-15ലെ വാർഷികക്കണക്കിൽ 33 രൂപയും ഓഡിറ്റ് റിക്കവറി ഇനത്തിലുള്ള വരവായി കാണിച്ചിട്ടുണ്ടെങ്കിലും മേൽ പട്ടികയിൽ കാണിച്ച തുകകൾ ഒഴിച്ചുള്ളവ ഹെഡ്ഡ് മാറി പോസ്റ്റ് ചെയ്തവയാണ്. ഗ്രാമപഞ്ചായത്ത് ഓഡിറ്റ് റിക്കവറി രജിസ്റ്റർ തയ്യാറാക്കി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1999-00 | 3-2 | 2001-02 | 3-11-7 | വയലട പ്രാഥമികാരേഗ്യ കേന്ദ്രം- വ്യാജ സാക്ഷ്യപത്രം വഴി പാഴ്ചെലവ് 2 ലക്ഷം രൂപ |
| 2001-02 | 3-4 | 2003-14 | 3-11-13(7) | നളന്ദ ഹെറിറ്റേജ് മ്യൂസിയം- സ്വകാര്യഭൂമിയിൽ പദ്ധതിപണം ഉപയോഗിച്ച് കെട്ടിടനിർമ്മാണ |
| 2003-14 | 3-2 | 2006-07 | 3-79-12 | കാർഷികോപകരണങ്ങൾ- വിതരണത്തിലെയും പരിപാലനത്തിലെയും അപാകതകൾ |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

<u>(എ) സംക്ഷിപ്ത വിവരം</u>

| സാമ്പത്തിക വർഷം | 2013-14 | 2014-15 |
|---|---|---|
| | | |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ<br><br>ആകെ വരവ് | 8,26,02,240 | 9,39,96,086 |
| ഓഡിറ്റ് വർഷത്തെ<br><br>ആകെ ചെലവ് | 8,29,48,396 | 7,63,14,406 |
| വരവിനങ്ങളിലുള്ള നഷ്ടം | 250 | 2,500 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3,000 | 1,40,400 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 63,61,515 | 69,42,843 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|---|
| | 2013-14 | | 2014-15 | | |
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 250 | -- | 2500 | -- | ശ്രീ കെ.സി രാമചന്ദ്രൻ, സെക്രട്ടറി |
| 3-1 | -- | 3,000 | -- | -- | ഡോ. എ.ജെ ജോയി, വെറ്റിനറി സർജൻ |
| 3-2 | -- | -- | – | 15,000 | |
| 3-7 | -- | -- | -- | 1,25,400 | ശ്രീ സി.പി.സതീശൻ, അസി. സെക്രട്ടറി. |
| **ആകെ** | **250** | **3,000** | **2,500** | **1,40,400** | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | 2013-14 | 2014-15 | |
| 3-1 | 2,37,000 | | ഡോ. എ.ജെ ജോയി, വെറ്റിനറി സർജൻ |
| 3-2 | 12,75,000 | 2,85,000 | ഡോ. എ.ജെ ജോയി, വെറ്റിനറി സർജൻ |
| 3-3 | 2,51,437 | 3,68,165 | ഡോ. എ.ജെ ജോയി, വെറ്റിനറി സർജൻ |
| 3-4 | 3,50,000 | 3,50,000 | ഡോ. എ.ജെ ജോയി, വെറ്റിനറി സർജൻ |
| 3-5 | 3,50,000 | 6,00,000 | ശ്രീ കെ.സി രാരാമചന്ദ്രൻ, സെക്രട്ടറി, ഭരണസമിതി അംഗങ്ങൾ. |
| 3-6 | 6,65,578 | 5,51,953 | ശ്രീ കെ.സി രാമചന്ദ്രൻ, സെക്രട്ടറി |
| 3-7 | -- | 1,66,600 | ശ്രീ. സി.പി സതീശൻ , അസിസ്റ്റന്റ് സെക്രട്ടറി |
| | | | |

| | | | |
|---|---|---|---|
| 3-10 | 32,07,500 | -- | ശ്രീ കെ.സി രാമചന്ദ്രൻ, സെക്രട്ടറി |
| | -- | 36,92,500 | ശ്രീ കെ.സി രാമചന്ദ്രൻ, സെക്രട്ടറി |
| | -- | 7,00,000 | ശ്രീ. സി.പി സതീശൻ , അസിസ്റ്റന്റ് സെക്രട്ടറി |
| 3-11 | -- | 2,00,000 | ശ്രീ. സി.പി സതീശൻ , അസിസ്റ്റന്റ് സെക്രട്ടറി |
| 3-12 | 25,000 | 28,625 | ശ്രീ എ.അബ്ദുൾഷുക്കൂർ, ഹെഡ്മാസ്റ്റർ , ഭരണസമിതി അംഗങ്ങൾ. |
| **ആകെ** | **63,61,515** | **69,42,843** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

- ഇല്ല -

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

- ഇല്ല -

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| **പേരും ഉദ്യോഗപ്പേരും** | **ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം** | **സ്ഥിരം മേൽവിലാസം** |
|---|---|---|
| ശ്രീ കെ.സി രാമചന്ദ്രൻ, സെക്രട്ടറി | റിട്ടയേർഡ് | 'ശ്രീദളം', കുന്നമംഗലം, പൈങ്ങോട്ടുപുറം പി.ഒ, പിൻ- 673571 |
| ശ്രീ. സി.പി സതീശൻ , അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, പനങ്ങാട് ഗ്രാമപഞ്ചായത്ത് | ചാലപ്പറ്റ, ഉള്ളിയേരി പി.ഒ, പിൻ-673620 |
| ഡോ. എ.ജെ ജോയി, വെറ്റിനറി സർജൻ | സീനിയർ വെറ്റിനറി സർജൻ, വെറ്റിനറി ഹോസ്പിറ്റൽ, പനങ്ങാട്, വട്ടോളി ബസാർ പി.ഒ | 'ആനന്ദ', കൈലാസ് നഗർ, ഈസ്റ്റ്ഹിൽ, വെസ്റ്റ്ഹിൽ പി.ഒ, പിൻ-673005 |
| ശ്രീ എ.അബ്ദുൾഷുക്കൂർ, ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്, കിനാലൂർ ഈസ്റ്റ് | ചീവിയേടത്ത് പൊയിൽ, എകരൂൽ പി.ഒ, ഉണ്ണികുളം, |
| ശ്രീ ഇസ്മയിൽ കുറുമ്പൊയിൽ, മെമ്പർ വാർഡ് നം. 1 | -- | കുറുമ്പൊയിൽ, കണ്ണാടിപ്പൊയിൽ പി.ഒ, പിൻ-673612 |
| ശ്രീമതി കെ. പ്രതിഭ, മെമ്പർ വാർഡ് നം. 2 | -- | കരിക്കുന്നമ്മൽ കണ്ണാടിപ്പൊയിൽ പി.ഒ, പിൻ-673612 |
| | | |

| | | |
|---|---|---|
| ശ്രീമതി, സി.എം രതി സുരേഷ്, മെമ്പർ വാർഡ് നം. 3 | -- | ചെറിയമണിച്ചേരി, ഉണ്ണികുളം<br>തലയാട് പി.ഒ,<br>പിൻ-673574 |
| ശ്രീമതി കെ. ലാലി രാജു,<br>മെമ്പർ വാർഡ് നം. 4 | -- | കൈതക്കുളത്ത്,<br>തലയാട് പി.ഒ, പിൻ-673574 |
| ശ്രീമതി, കെ. സാജിത,<br>മെമ്പർ വാർഡ് നം. 5 | -- | കോളനിയിൽ,<br>തലയാട് പി.ഒ, പിൻ-673574 |
| ശ്രീ ഷാജി. കെ .പണിക്കർ, മെമ്പർ വാർഡ് നം. 6 | -- | പാടിയിൽ,<br>കിനാലൂർ പി.ഒ, പിൻ-673612 |
| ശ്രീമതി എൻ. ബുഷറ,<br>മെമ്പർ വാർഡ് നം. 7 | -- | നടമ്മൽ,<br>കിനാലൂർ പി.ഒ, പിൻ-673612 |
| ശ്രീമതി കെ. സാജിത,<br>മെമ്പർ വാർഡ് നം. 8 | -- | കൊല്ലരുകണ്ടി,<br>കിനാലൂർ പി.ഒ, പിൻ-673612 |
| ശ്രീമതി പി. രാധ,<br>മെമ്പർ വാർഡ് നം. 9 | -- | പൊയിലിൽ,<br>കിനാലൂർ പി.ഒ, പിൻ-673612 |
| ശ്രീമതി ആർ.ഹമീദ കബീർ, മെമ്പർ വാർഡ് നം. 10 | -- | രാരോത്ത്,<br>കിനാലൂർ പി.ഒ, പിൻ-673612 |
| ശ്രീ എൻ.കെ അബു,<br>മെമ്പർ വാർഡ് നം. 11 | -- | സബ്ന മൻസിൽ,<br>കിനാലൂർ പി.ഒ, പിൻ-673612 |
| ശ്രീ ടി. നിജേഷ് അരവിന്ദ്, മെമ്പർ വാർഡ് നം. 12 | -- | തപസ്യ,<br>വട്ടോളി ബസാർ പി.ഒ,<br>പിൻ-673612 |
| ശ്രീ എം. പ്രഭാകരൻ മാസ്റ്റർ, മെമ്പർ വാർഡ് നം. 13 | -- | തെക്കെയിൽ വളപ്പിൽ,<br>വട്ടോളി ബസാർ പി.ഒ,<br>പിൻ-673612 |
| ശ്രീ പി.രവീന്ദ്രൻ,<br>മെമ്പർ വാർഡ് നം. 14 | -- | പണിക്കരുകണ്ടി,<br>കിനാലൂർ പി.ഒ, പിൻ-673612 |
| ശ്രീ ആർ.കെ അജത്ത് കുമാർ, മെമ്പർ വാർഡ് നം. 15 | -- | ചെട്ട്യാംകണ്ടി,<br>കിനാലൂർ പി.ഒ, പിൻ-673612 |
| ശ്രീ പി.കെ സുനീർ,<br>മെമ്പർ വാർഡ് നം. 16 | -- | പാലത്തക്കണ്ടി കരയത്തൊടി,<br>പനങ്ങാട് പി.ഒ, പിൻ-673612 |

| | | |
|---|---|---|
| ശ്രീ വി.ഉണ്ണി,<br>മെമ്പർ വാർഡ് നം. 17 | -- | വാരിയത്ത്,<br>പനങ്ങാട് പി.ഒ,പിൻ-673612 |
| ശ്രീമതി വി.കെ കമല,<br>മെമ്പർ വാർഡ് നം. 18 | -- | വയലിൽ കണ്ടി,<br>പനങ്ങാട് പി.ഒ,പിൻ-673612 |
| ശ്രീമതി എം.കെ സജിത,<br>മെമ്പർ വാർഡ് നം. 19 | -- | നെരാടി മലയിൽ ,<br>പനങ്ങാട് പി.ഒ,പിൻ-673612 |
| ശ്രീ സി. ആനന്ദൻ,<br>മെമ്പർ വാർഡ് നം. 20 | -- | ചാമക്കാലയിൽ,<br>കണ്ണാടിപ്പൊയിൽ പി.ഒ,<br>പിൻ-673612 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.കെ.കെ.ഡി /പി.10 /349 /11 തീയതി 02.06.11 | 12 |
| 1997-98 | എൽ.എഫ്.കെ.കെ.ഡി /എസ്.2/107/98 തീയതി 20.09.00 | 22 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി /പി.8 /926 /03 തീയതി 31.11.03 | 17 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി /പി.10 /349 /11 തീയതി 02.06.11 | 02 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി /പി.10 /349 /11 തീയതി 02.06.11 | 02 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി /പി.10 /349 /11 തീയതി 02.06.11 | 05 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി /പി.3 /1104 /09(4) തീയതി 06.10.09 | 14 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി /പി.3 /140 /09) തീയതി 06.10.09 | 15 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി /പി.10 /353 /11 തീയതി 30.03.11 | 17 |

| | | |
|---|---|---|
| 2006-07 | എൽ.എഫ്.കെ.കെ.ഡി /പി.10 /460 /11<br>തീയതി 27.04.11 | 34 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി /പി.10 /608 /12(1)<br>തീയതി 25.04.12 | 34 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി /പി.10 /1403 /12<br>തീയതി 30.07.12 | 27 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി /പി.10 /1166/14<br>തീയതി 14.08.14 | 40 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി /പി.10 /132/13<br>തീയതി 13.12.14 | 21 |
| 2011-12 &<br>2012-13 | എൽ.എഫ്.കെ.കെ.ഡി /പി.10 /1038/14<br>തീയതി 04.07.14 | 16 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.